VOL NO: 08 I ISSUE 28
2024 JULY 13 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



മനുഷ്യനിർമിത ദർശനങ്ങളും ചിന്താധാരകളും ഒരിക്കലും അന്യൂനമാകില്ല; സാർവകാലികമാകില്ല. അതുകൊണ്ട് തന്നെ സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായി അവ നവീകരിക്കപ്പെടേണ്ടി വരും. എന്നാൽ പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ വചനങ്ങൾ കാലാതിവർത്തിയും നിത്യനൂതനവും സാർവകാലികവുമാണ്. അത് തിരുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യേണ്ടതില്ല.

## ഇസ്‌ലാം പരിഷ്കരിക്കപ്പെടണമെന്നോ?

### ആൾദൈവങ്ങളും ആത്മീയചൂഷണവും

- || യുക്തിവാദികളും സദാചാരവും
- || അഹന്ത കാണിക്കലല്ല മോട്ടിവേഷൻ
- || ഒളിച്ചുകടത്തപ്പെടുന്ന ശീഈ ആശയങ്ങൾ




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0390
# നേർപഥം
വാരിക

2024 ജുലായ് 13
1446 മുഹർറം 07
പുസ്തകം 08 / ലക്കം 28



Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




10 ഇസ്‌ലാം പരിഷ്കരിക്കപ്പെടണമെന്നോ?

**സുനിൽ യൂസുഫ്**

മനുഷ്യനിർമിത ദർശനങ്ങളും ചിന്താധാരകളും ഒരിക്കലും അന്യൂനമാകില്ല; സാർവകാലികമാകില്ല. അതുകൊണ്ട് തന്നെ സ്ഥല-കാല-സാഹചര്യങ്ങൾക്കനുസൃതമായി അവ നവീകരിക്കപ്പെടേണ്ടി വരും. എന്നാൽ പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ വചനങ്ങൾ കാലാതിവർത്തിയും നിത്യനൂതനവും സാർവകാലികവുമാണ്. അത് തിരുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യേണ്ടതില്ല.

05 മുഖമൊഴി
യുക്തിവാദികളും സദാചാരവും

06 ലേഖനം
ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ
ഡോ. ടി. കെ. യൂസുഫ്

08 അനുഭവക്കുറിപ്പ്
അഹന്ത കാണിക്കലല്ല മോട്ടിവേഷൻ
അൻവർ കണ്ണീരി, അമ്മിനിക്കാട്

15 ലേഖനം
ആൾദൈവങ്ങളും ആത്മീയചൂഷണവും
വി.വി. ബഷീർ വടകര

18 ചരിത്രപഥം
കെ. എം മൗലവിയെ വേട്ടയാടുന്ന അഭിനവ യാഥാസ്ഥിതികർ
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

22 ഗാനം
മക്കയിലെ പൂങ്കുയിൽ
ഉസ്മാൻ പാലക്കാഴി

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ: യാസീൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 കർമപഥം
നമസ്കാര സമയങ്ങൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

29 ഹദീസ് പാഠം
പരീക്ഷണങ്ങളിൽ പതറരുത്
അബ്ദുസ്സുബ്ഹാൻ

30 പ്രതികരണം
ഒളിച്ചുകടത്തപ്പെടുന്ന ശീഈ ആശയങ്ങൾ
സി.പി സലീം

32 വനിതാപഥം
കുട്ടികളുടെ ചോദ്യങ്ങളെ അവഗണിക്കരുത്
ശഹീദ

33 കാഴ്ച
കിടന്നുറങ്ങുമിടങ്ങൾ
ഇബ്നു അലി

34 ബാലപഥം
നല്ലതു മാത്രം ചെയ്യാം
അബൂമുർശിദ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം യൂത്ത് കേരള ടീച്ചേഴ്സ് കോൺഫറൻസ് പെരിന്തൽമണ്ണയിൽ

കോഴിക്കോട്: അധ്യാപനവും വിദ്യാലയവും പ്രശ്ന കലുഷിതമാകുന്ന കാലത്ത് വിദ്യാർഥിസമൂഹത്തെ വഴി നടത്താനും അധ്യാപകരുടെ ആത്മവിശകലനങ്ങൾക്ക് വേദിയൊരുക്കാനും വിസ്ഡം യൂത്ത് എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്ന കേരള ടീച്ചേഴ്സ് കോൺഫറൻസ് ഈ വർഷം പെരിന്തൽമണ്ണയിൽ നടക്കും.

വിദ്യാർഥികളിലെ അധാർമിക പ്രവണതകൾ, അക്രമവാസനകൾ, അതിർത്തിവിടുന്ന ആഘോഷങ്ങൾ, പോൺ അഡിക്ഷൻ തുടങ്ങിയ വിവിധ വിഷയങ്ങളിൽ അവരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന കാര്യത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടന്ന സമ്മേളനം അധ്യാപകർക്ക് വഴികാണിച്ചിട്ടുണ്ട്.

ജെൻഡർ പൊളിറ്റിക്സിന്റെ പേരിൽ വൃത്തികെട്ട ലിബറൽ ആശയങ്ങൾ സിലബസിലേക്ക് കടത്തിക്കൂട്ടാനുള്ള ശ്രമങ്ങളിൽ അധ്യാപകർക്ക് കൃത്യമായ അവബോധം പകരാൻ കേരള ടീച്ചേഴ്സ് കോൺഫറൻസ് ഉപകാരപ്പെട്ടിട്ടുണ്ട്. തിരൂരിലും മഞ്ചേരിയിലുമായി രണ്ട് സെഷനുകളാണ് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സംഘടിപ്പിക്കപ്പെട്ടത്. ഈ വർഷം കൂടുതൽ പുതുമകളോടെയും പുതിയ കാഴ്ചപ്പാടുകളോടെയുമാണ് പെരിന്തൽമണ്ണയിൽ സമ്മേളനം സംഘടിപ്പിക്കുക.

ജൂലായ് 7ന് കാസർകോട് മുനിസിപ്പൽ ടൗൺഹാളിൽ വെച്ച് പ്രഖ്യാപന സമ്മേളനം നടന്നു.

KERALA TEACHERS CONFERENCE

# ‘ഒപ്പം’ സ്നേഹയാത്രയ്ക്ക് തുടക്കമായി

കോഴിക്കോട്: വിസ്ഡം യൂത്ത് കോഴിക്കോട് സൗത്ത് ജില്ലാസമിതിയുടെ കീഴിൽ 2024 ആഗസ്റ്റ് നാലിന് ഫറോക്കിൽ വെച്ച് സംഘടിപ്പിക്കപ്പെടുന്ന വൈജ്ഞാനിക യുവജന സംഗമത്തിന്റെ പ്രചാരണത്തോടനുബന്ധിച്ച് വിവിധ ശാഖകളിൽ ‘ഒപ്പം’ എന്ന പേരിൽ സ്നേഹയാത്രകൾ സംഘടിപ്പിച്ചുവരുന്നു.

വൈജ്ഞാനിക യുവജന സംഗമത്തിൽ പങ്കെടുക്കേണ്ട എല്ലാ പ്രതിനിധികളെയും നേരിട്ടു കണ്ട് ക്ഷണിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഓരോ ശാഖയിലും യോഗങ്ങളും ഗൃഹ സന്ദർശനങ്ങളും സ്നേഹസായാഹ്നങ്ങളും സംഘടിപ്പിക്കും.

ജില്ലാഭാരവാഹികളുടെയും പ്രവർത്തകസമിതി അംഗങ്ങളുടെയും ആഭിമുഖ്യത്തിലാണ് സ്നേഹയാത്രകൾ നടക്കുന്നത്. ഇതിന്റെ ഉദ്ഘാടനകർമം വിസ്ഡം യൂത്ത് ജില്ലാ ട്രഷറർ ജാബിർ നന്മണ്ട നിർവഹിച്ചു.

മെഡിക്കൽ കോളേജ് മണ്ഡലത്തിലെ കാട്ടുകുളങ്ങര ശാഖയാണ് സ്നേഹയാത്രയെ വരവേറ്റത്. വരുന്ന ആഴ്ചകളിൽ വിവിധ മണ്ഡലങ്ങളിലെ ശാഖകളിലൂടെ യാത്രകൾ കടന്നുപോകും.

# യുക്തിവാദികളും സദാചാരവും

"മതനിയമങ്ങളിൽ മാത്രമല്ല മനുഷ്യനിർമിത ഭൗതികനിയമങ്ങളിലും സദാചാരവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിയമങ്ങളുണ്ട്" എന്ന് യുക്തിവാദികൾ പറയാറുണ്ട്. അവനവനു തോന്നുന്നതെന്തോ അതെല്ലാമാണ് യുക്തിവാദിയുടെ സദാചാരം. യുക്തിവാദി നേതാവായിരുന്ന എം.സി. ജോസഫ് പറഞ്ഞു: "സദാചാരബോധത്തിനടിസ്ഥാനം ബുദ്ധിശക്തിയുടെയും യുക്തിബോധത്തിന്റെയും സ്വതന്ത്ര പ്രവർത്തനമാണ്".

യുക്തിബോധത്തിൽ നിന്ന് ഉടലെടുക്കുന്നതെല്ലാം സദാചാരമാണെന്ന യുക്തിവാദികളുടെ ആശയം സമൂഹം ഉൾക്കൊണ്ടാൽ എന്തായിരിക്കും ലോകത്തിന്റെ അവസ്ഥ? 'മനുഷ്യർ ഒന്നാവുമോ?' തമ്മിൽ തല്ലിമരിക്കുമോ? അമ്മയെ തല്ലുന്നവനും മക്കളെ കൊല്ലുന്നവനും തന്റെ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലാണതു ചെയ്തതെന്നും അത് യുക്തിവാദ സദാചാരമാണെന്നും പറയാമല്ലോ!

ഒരു യുക്തിവാദിക്ക് സദാചാരമെന്നു തോന്നുന്നത് മറ്റൊരു യുക്തിവാദിക്ക് സദാചാരവിരുദ്ധമായി തോന്നാനും സാധ്യതയില്ലേ? സദാചാരം കാത്തുസൂക്ഷിച്ചാൽ 'തിന്നുക, കുടിക്കുക, രമിക്കുക' എന്ന ഭൗതികവാദ മുദ്രാവാക്യം വെള്ളത്തിലലിയില്ലേ?

സദാചാരത്തിന്റെ ആവശ്യകത യുക്തിവാദികൾ അംഗീകരിക്കുന്നുവെങ്കിലും മതം പഠിപ്പിക്കുന്ന സദാചാരത്തോട് അവർക്ക് പുച്ഛമാണ്. എന്നാൽ മതം പഠിപ്പിക്കുന്ന സദാചാരമൂല്യങ്ങളിൽ ചിലതെങ്കിലും അവർക്ക പിന്തുടരേണ്ടിവരികയും ചെയ്യുന്നുണ്ട്. വ്യവസ്ഥാരഹിതമായ യുക്തിവാദ സദാചാരത്തെക്കാൾ നിർമാണാത്മകമായ ദൗത്യം നിർവഹിക്കാൻ കഴിയുക മതം നിർബന്ധമായി കൽപിക്കുന്ന സദാചാരത്തിനല്ലേ? ജനങ്ങളെ കുത്തഴിഞ്ഞ ജീവിതത്തിലേക്കു നയിക്കുന്ന, അരാജകത്വം സമ്മാനിക്കുന്ന ഒന്നായിരിക്കും യുക്തിവാദസദാചാരമെങ്കിൽ മതം പഠിപ്പിക്കുന്ന സദാചാരം ഉൽകൃഷ്ട വ്യക്തികളെയും ഉത്തമസമൂഹത്തെയും സുഭദ്രമായ രാഷ്ട്രത്തെയും വാർത്തെടുക്കുന്നതാണ്.

ദൈവവിശ്വാസത്തിന്റെ പ്രേരണയും പിൻബലവുമാണ് ഇസ്‌ലാം പഠിപ്പിക്കുന്ന സദാചാരത്തെ ശക്തമാക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളെ ശക്തമായി സ്വാധീനിക്കുന്ന ചില ഘടകങ്ങളില്ലെങ്കിൽ എത്ര സുന്ദരമായ തത്ത്വശാസ്ത്രമായിരുന്നാലും മനുഷ്യർക്ക് പെട്ടെന്ന് സ്വീകരിക്കാൻ സാധിച്ചുവെന്നുവരില്ല. ഇസ്‌ലാമിക സദാചാരം സ്വർഗപ്രാപ്തിയോടൊപ്പം സാമൂഹ്യ സുരക്ഷിതത്വം, വ്യക്തിവികാസം, മനുഷ്യപുരോഗതി തുടങ്ങിയ ബഹുവിധ ലക്ഷ്യങ്ങളും കരഗതമാക്കുന്നതാണ്. യുക്തിവാദികളുടെ യുക്തിരഹിതമായ സദാചാരസങ്കൽപത്തിനു വെല്ലുവിളിയായി നിലകൊള്ളുന്നത് ഇസ്‌ലാം മാത്രമാണ്. സദാചാരത്തെക്കുറിച്ചുള്ള യുക്തിവാദ വീക്ഷണവും ഇസ്‌ലാമികവീക്ഷണവും പരിശോധനാവിധേയമാക്കിയാൽ ഇക്കാര്യം വ്യക്തമാകും.

സമൂഹത്തിന്റെ നിരീക്ഷണത്തിനു മുന്നിൽ കൃത്രിമവും വികലവുമായ സദാചാരം പാലിക്കാൻ ആവശ്യപ്പെടുന്ന യുക്തിവാദ സദാചാരത്തിനു പകരം സദാസമയവും തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയെ ഓർത്തുകൊണ്ട് സമൂഹത്തിന്റെ ദൃഷ്ടികളിൽ നിന്ന് അകന്നു നിൽക്കുന്ന അവസ്ഥയിൽ പോലും സദാചാരനിഷ്ഠ പുലർത്തുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. വ്യക്തിക്കും സമൂഹത്തിനും ഇതുകൊണ്ട് ഗുണമല്ലാതെ മറ്റൊന്നും വരാനില്ല. മനുഷ്യർ ഒന്നാവാനും നന്നാവാനും ഈ ശാശ്വതമൂല്യങ്ങൾ മുറുകെ പിടിച്ചാൽ മതി.

മനുഷ്യർ നന്നാകുവാനും ഒന്നാകുവാനുമുള്ള മാർഗം മനുഷ്യരുടെ സ്രഷ്ടാവു തന്നെ അറിയിച്ചുതന്നിട്ടുണ്ട്. അതാണ് ഇസ്‌ലാമിന്റെ സത്യസരണി. ഏക ദൈവമല്ലാതെ മറ്റാരും ആരാധിക്കപ്പെടരുത് എന്ന് ഇസ്‌ലാം നിർദേശിക്കുന്നു. അത് സകലവിധ സങ്കുചിത ചിന്തകളിൽനിന്നും മനുഷ്യരെ മുക്തരാക്കുന്നു. ഏകനായ ദൈവത്തിന്റെ കണ്ണിൽ എല്ലാ മനുഷ്യരും സമന്മാരാണെന്നും തങ്ങൾ ഒരു മാതാപിതാക്കളുടെ സന്തതിപരമ്പരയിൽ പെട്ടവരാണെന്നുമുള്ള ബോധത്തെക്കാൾ മനുഷ്യരെ ഒന്നിപ്പിക്കുന്ന മറ്റെന്താണുള്ളത്? "ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്" (ക്വുർആൻ/2:21).

ലേഖനം

ഡോ. ടി. കെ. യൂസുഫ്
: 9349798262



> “അന്ത്യദിനത്തിൽ ഒരാളെ കൊണ്ടുവരും. എന്നിട്ടയാളെ നരകത്തിലേക്ക് എറിയും. എന്നിട്ട് അവന്റെ കുടൽമാലകൾ പുറത്ത് വരും. അതുമായി അവൻ നരകത്തിൽ ചുറ്റിക്കറങ്ങും; കഴുത ആട്ടുചക്കിന് ചുറ്റും കറങ്ങുന്നതുപോലെ. നരകവാസികൾ അവനെ വളയും. അവർ ചോദിക്കും: ‘നിനക്കെന്ത് പറ്റി? നീ ഞങ്ങളോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തിരുന്നുവല്ലോ!’ അപ്പോൾ അവൻ പറയും: ‘ഞാൻ നിങ്ങളോട് നന്മ കൽപിച്ചിരുന്നു. പക്ഷേ, ഞാൻ അത് ചെയ്തിരുന്നില്ല. ഞാൻ നിങ്ങളോട് തിന്മ വിരോധിച്ചിരുന്നു. പക്ഷേ, ഞാൻ അത് ചെയ്തിരുന്നു” (ബുഖാരി, മുസ്‌ലിം).

# ക്വുർആൻ പഠിപ്പിക്കുന്ന സ്വഭാവ ഗുണങ്ങൾ 11

**71. അനാഥരെ സഹോദരന്മാരായി ഗണിക്കുക.**

അനാഥരെ സാഹാക്കുന്നതിലുപരി അവരെ സ്വന്തം മക്കളെ പോലെയോ സഹോദരന്മാരെ പോലെയോ ഗണിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ അവർക്ക് അർഹിക്കുന്ന ആദരവ് ലഭിക്കുകയുള്ളൂ. അല്ലാഹു പറയുന്നു:

“അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവർക്ക് നൻമ വരുത്തുന്നതെന്തും നല്ലതാകുന്നു. അവരോടൊപ്പം നിങ്ങൾ കൂട്ടുജീവിതം നയിക്കുകയാണെങ്കിൽ (അതിൽ തെറ്റില്ല). അവർ നിങ്ങളുടെ സഹോദരങ്ങളാണല്ലോ” (ക്വുർആൻ 2:220).

**72. പിശാചിന്റെ ഉപദ്രവത്തിൽനിന്നും ശരണം തേടുക**

ആദമിന്റെ സന്തതികളെ നേർമാർഗത്തിൽനിന്നും പിഴപ്പിക്കുമെന്ന പ്രതിജ്ഞയുമായി ഭൂമിയിലെത്തിയതാണ് പിശാച്. അതുകൊണ്ട് തന്നെ അധികജനങ്ങളും അവന്റെ വലയിൽ പെടാനിടയുണ്ട്. പ്രത്യക്ഷശത്രുക്കളെ നമുക്ക് ആയുധം കൊണ്ട് നേരിടാം. എന്നാൽ പാരോക്ഷ ശത്രുവായ പിശാചിനെ നേരിടാൻ അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്.

“ദുർബോധനം നടത്തി പിൻമാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയിൽനിന്ന്. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ” (114:4-6).

**73. അയൽക്കാരന് ഉപകാരം ചെയ്യുക**

അയൽവാസി പട്ടിണികിടക്കുമ്പോൾ വയറുനിറച്ച് ആഹാരം കഴിക്കുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന നബിവചനം വളരെ പ്രസിദ്ധമാണ്. അയൽക്കാരന്റെ കാര്യം നബി(സ്വ)യോട് ജിബ്രീൽ എന്ന മലക്ക് ധാരാളമായി ഉപദേശിച്ചുകൊണ്ടിരുന്നുവെന്നും അയൽക്കാരനെ അനന്തരവകാശിയാക്കുമോ എന്ന് പോലും ഞാൻ വിചാരിച്ചുവെന്നും നബി(സ്വ) പറഞ്ഞതായി ഹദീസുകളിൽ വന്നിട്ടുണ്ട്.

“കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല” (4:36).

**74. അല്ലാഹുവിനെ മാത്രം ആരാധിക്കുക**

ക്വുർആനിൽ പറഞ്ഞ എല്ലാ സ്വഭാവഗുണങ്ങളും ജീവിതത്തിൽ പകർത്തിയാലും അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഗുണമില്ലെങ്കിൽ ബാക്കി സ്വഭാവഗുണങ്ങളെല്ലാം നിഷ്ഫലമായിത്തീരും. “നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും...” (4:36).

**75. മാതാപിതാക്കൾക്ക് പുണ്യം ചെയ്യുക**

അല്ലാഹുവിനെ മാത്രം ആരാധിക്കാൻ കൽപിച്ചതിനെ തുടർന്ന് ക്വുർആൻ ആവശ്യപ്പെടുന്നത് മാതാപിതാക്കളോട് പുണ്യം ചെയ്യാനാണ്. ഒരു വ്യക്തി അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുകയും നബി(സ്വ)യെ പിൻപറ്റുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ തന്റെ മാതാപിതാക്കളോടുള്ള കർത്തവ്യമാണ് നിറവേറ്റേണ്ടത്. അല്ലാഹു പറയുന്നു:

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു...”(17:23).

“മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക”(4:36).

**76. ഉപദേശങ്ങൾ സ്വജീവിതത്തിൽ പകർത്തുക**

നന്മ കൽപിക്കുന്നവർ അത് സ്വയം ജീവിതത്തിൽ പകർത്തുകയും ചെയ്യേതുണ്ട്. സ്വയം ഉൾകൊള്ളാതെ ജനങ്ങളോട് സൽകർമങ്ങളെക്കുറിച്ച് കൽപിക്കുന്നത് അല്ലാഹുവിന് ഏറ്റവും വെറുക്കപ്പെട്ടാതാണെന്നാണ് ക്വുർആൻ പറയുന്നത്.

“സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു” (61:2,3).

ജനങ്ങളോട് നന്മ കൽപിക്കുകയും അത് ജീവിതത്തിൽ പകർത്താതിരിക്കുകയും ചെയ്യുന്നവർക്കുള്ള അതികഠിനമായ ശിക്ഷയെക്കുറിച്ച് ഹദീസുകളും താക്കീത് നൽകുന്നുണ്ട്. നബി(സ്വ) പറഞ്ഞു:

“അന്ത്യദിനത്തിൽ ഒരാളെ കൊണ്ടുവരും. എന്നിട്ടയാളെ നരകത്തിലേക്ക് എറിയും. എന്നിട്ട് അവന്റെ കുടൽമാലകൾ പുറത്ത് വരും. അതുമായി അവൻ നരകത്തിൽ ചുറ്റിക്കറങ്ങും; കഴുത ആട്ടുചക്കിന് ചുറ്റും കറങ്ങുന്നതുപോലെ. നരകവാസികൾ അവനെ വളയും. അവർ ചോദിക്കും: ‘നിനക്കെന്ത് പറ്റി? നീ ഞങ്ങളോട് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തിരുന്നുവല്ലോ!’ അപ്പോൾ അവൻ പറയും: ‘ഞാൻ നിങ്ങളോട് നന്മ കൽപിച്ചിരുന്നു. പക്ഷേ, ഞാൻ അത് ചെയ്തിരുന്നില്ല. ഞാൻ നിങ്ങളോട് തിന്മ വിരോധിച്ചിരുന്നു. പക്ഷേ, ഞാൻ അത് ചെയ്തിരുന്നു” (ബുഖാരി, മുസ്‌ലിം).

*(അവസാനിച്ചു)*

അൻവർ കണ്ണീരി, അമ്മിനിക്കാട്



# അഹന്ത കാണിക്കലല്ല മോട്ടിവേഷൻ

ഞാൻ വിശ്വസിക്കുന്നു, എനിക്ക് സാധ്യമാവുന്നതിന്റെ 10 ശതമാനത്തിനും താഴെയാണ് ഇപ്പോഴും ഞാൻ നിർവഹിച്ചിട്ടുള്ളത്. ഇനിയും എനിക്ക് സർക്കാർ രേഖകളിൽ അടയാളപ്പെടുത്തിയ എബിലിറ്റി കപ്പാസിറ്റിയിലേക്ക് എത്താൻ 20 ശതമാനത്തോളം സഞ്ചരിക്കാനുണ്ട്. അതിന് തടസ്സമാകുന്നത് എന്നിലെ അലസത, കാര്യക്ഷമതയില്ലായ്മ, ക്രിയാത്മകത എന്നിവയുടെ കുറവുതന്നെയാണ്.

എന്റെ വെറും 10 ശതമാനംക്കൊണ്ട് ഞാൻ വിശ്വസിക്കുന്നത് ഒരു മനുഷ്യനെ 'ജീവിതത്തിൽ വിജയിച്ചവൻ അല്ലെങ്കിൽ രക്ഷപ്പെട്ടവൻ' എന്ന, പൊതുജനത്തിന്റെ പൊതുവായ അവലോകത്തിന് ആവശ്യമായ പഠനം, ജോലി, കുടുംബം, സാമൂഹിക അംഗീകാരം, സ്വന്തമായൊരു വീട്, സ്വന്തമായൊരു വാഹനം എല്ലാം നേടാൻ കഴിഞ്ഞു എന്നാണ്.

എങ്കിൽ ഞാൻ എന്റെ പൂർണത കൈവരിച്ചോ? ഇല്ല എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ ചോദിക്കട്ടെ; നിങ്ങൾ ഏകദേശം അറുപത്-എഴുപത് വയസ്സാകുമ്പോഴേക്കും മുകളിൽ സൂചിപ്പിച്ചവ നേടിയെടുക്കുന്നു വെങ്കിൽ നിങ്ങൾ ജീവിത വിജയിയാണോ?

അല്ല എന്ന് ഞാൻ പറയും. കാരണം, വെറും പത്തു ശതമാനംകൊണ്ട് ഞാൻ ചെയ്ത കാര്യങ്ങൾ നിങ്ങൾ നിർവഹിക്കുന്നത് ശാരീരിക കഴിവിന്റെ 90 അല്ലെങ്കിൽ 100 ശതമാനത്തിലാണ്. അപ്പോൾ ബാക്കി നിങ്ങളിലെ 90 ശതമാനം കൃത്യമായി ഉപയോഗിച്ചില്ലേ?

വെറും 10% കൊണ്ട് മാത്രം കഴിയുന്ന കാര്യമേയുള്ളു എന്ന്, എന്റെ പരിമിതമായ ജീവിത സാഹചര്യം കൊണ്ട് തെളിഞ്ഞു എന്ന് പ്രകടിപ്പിക്കാനാണ് ഇത് പറഞ്ഞത്. കൂടാതെ നമുക്ക് ജീവിതത്തിൽ ഇതിലും മീതെ ഇനിയും എത്രയോ ചെയ്യാനുണ്ടെന്നും ഇതാണ് വലുത് എന്ന്, അല്ലെങ്കിൽ ലക്ഷ്യം എത്തി എന്ന ധാരണയിൽ അവസാനിപ്പിക്കാനായിട്ടില്ല എന്നതുകൂടി ബോധ്യപ്പെടുത്താനാണ്.

'നിങ്ങൾ ഇങ്ങനെയുള്ള ചോദ്യം ചോദിച്ച് എന്നെപ്പോലുള്ളവരെ വെറുതെ ടെൻഷനാക്കരുത്. ജീവിതത്തിൽ ഒന്നും നേടിയില്ലേ എന്നൊരു തോന്നലാണ് അപ്പോൾ...' എന്നു പറയാൻ വായനക്കാരിൽ പലർക്കും തോന്നുന്നുണ്ടാകും.

ഡോ അനിൽ ബാലചന്ദ്രൻ എന്ന, ബിസിനസ്സുകാർക്ക് ഉപദേശവും പ്രചോദനവും നൽകുന്ന ഒരു വ്യക്തിയുടെ ക്ലാസിനിടയിലെ മോശമായ ഭാഷാപ്രയോഗവും അതിനുണ്ടായ പ്രതികരണവും കണ്ടപ്പോഴാണ് ഇങ്ങനെയൊരു കുറിപ്പ് എഴുതാൻ തോന്നിയത്.

പരിമിതമായ വേദികളിൽ മോട്ടിവേഷൻ ക്ലാസുകൾ എടുക്കുന്ന വ്യക്തി എന്ന നിലയിലാണ് ഈ കുറിപ്പ് എഴുതുന്നത്. എന്റെ മുന്നിലിരിക്കുന്നവരെ ക്രിയാത്മകമായ ചിന്തയിലൂടെ കടത്തിക്കൊണ്ടുപോവാൻ ശ്രമിക്കുന്ന രീതികളിലൊന്നാണ് തുടക്കത്തിൽ ഉപയോഗിച്ച താരതമ്യ സമീപനം.

മുന്നിലിരിക്കുന്നവരുടെ മനസ്സുകളിൽ നമ്മൾ ആശ്വാസവാഹകരും പരിഹാര നിർദേശകരുമാണ്. നമ്മുടെ വാക്കുകൾ സ്വീകാര്യമാണെങ്കിൽ അവർ പരിഹാര നിർവഹകരാവുമെന്നതാണ് പ്രധാനം. നാം അവരുടെ പ്രശ്നങ്ങൾക്ക് പരിഹാര നിർദേശകരാവ

ഞാൻ വലിയ ഒരു സംഭവമാണ്, മാസത്തിൽ ലക്ഷങ്ങൾ സമ്പാദിക്കുന്നവനാണ് എന്ന അഹന്തയിൽ; ക്ലാസ് കേൾക്കാൻ വന്ന, തന്നെക്കാൾ പ്രായമുള്ളവരുടെ മുഖത്തു നോക്കി എടാ പോടാ വിളിക്കുന്ന മോട്ടിവേറ്റർ തികഞ്ഞ പരാജയമാണ്. വിനയാന്വിതർ ജീവിതം കൊണ്ടുതന്നെ പ്രചോദനമേകുന്നവരാണ്.

ണമെങ്കിൽ തീർച്ചയായും നാം അതിന് മാതൃകയാവണം. എന്നിട്ട് അത് പറയുമ്പോൾ മാത്രമാണ് കൂടുതൽ സ്വീകാര്യതയും വിശ്വാസ്യതയും ഉണ്ടാവുക.

സംസാരത്തിൽ ആകർഷണീയത വരുത്തി എന്നതുകൊണ്ട് ഒരാളുടെ മോട്ടിവേഷൻ ക്ലാസ് ഫലവത്താകണമെന്നില്ല. അത് ചീട്ടുകൊട്ടാരം പോലെ ഒരുദിവസം പൊളിഞ്ഞുവീഴും. പുറമെയുള്ള മോടിക്കപ്പുറം ഉള്ള് നിറഞ്ഞ സംതൃപ്തി നൽകുന്നിടത്താണ് അതിന്റെ വിജയം.

ഇന്ന് മോട്ടിവേഷൻ ക്ലാസുകളും ചാനലുകളുമായി ജീവിക്കുന്ന ഒരുപാട് ആളുകളുണ്ട്. കോവിഡാനന്തരം അത് ശക്തിപ്പെട്ടിരിക്കുന്നു എന്നുതന്നെ പറയാം. യഥാർഥത്തിൽ മോട്ടിവേഷൻ എന്ന വിഷയത്തെ ബിസിനസ് ആക്കുന്നിടത്താണ് പരാജയം ആരംഭിക്കുന്നത്. മോട്ടിവേഷനെ ബിസിനസ് ആക്കിയവർ പ്രൈം ലൈറ്റിൽ തിളങ്ങിനിൽക്കാൻ കാണിക്കുന്ന 'പ്രയത്നങ്ങൾ' മുഴുവനും ഒരു മോട്ടിവേഷനും ആർക്കും നൽകാത്ത കാര്യമാണ്. ഇവർ സദാ തിളങ്ങിനിൽക്കാൻ കാണിക്കുന്ന 'പ്രയത്നങ്ങൾ'ക്കൊടുവിൽ കുറഞ്ഞകാലം ധാരാളം വേദികൾ ലഭിക്കുമെങ്കിലും അവിടെ പറയുന്ന കാര്യങ്ങളിൽ ജീവനുണ്ടാവില്ല എന്നാണ് തോന്നിയിട്ടുള്ളത്. ജീവനുള്ള വാക്കുകൾ സൃഷ്ടിക്കപ്പെടുന്നത് തീർത്തും അനുഭവസ്ഥരുടെ പങ്കുവെക്കലുകളിൽനിന്ന് മാത്രമാണ്. സ്വന്തമായി എന്തെങ്കിലും തൊഴിൽ ചെയ്ത് അതിന്റെ ഒഴിവ് സമയങ്ങളിലും ബാക്കി സമയങ്ങളിലും ഇത്തരം കാര്യങ്ങൾ ചെയ്യണം. അതായത് മോട്ടിവേഷൻ ക്ലാസുകൾ ജീവിത മാർഗമല്ലാതിരിക്കുമ്പോഴാണ് അത് സാമൂഹിക പ്രതിബദ്ധതയും സഹായമനസ്കതയുമുള്ള പുണ്യപ്രവർത്തനമായി മാറുക. മതപ്രഭാഷകരുടെ കാര്യത്തിലും ഇതേ സമീപനമാണ് വേണ്ടത് എന്ന എന്റെ അഭിപ്രായം സാന്ദർഭികമായി ഓർമപ്പെടുത്തട്ടെ.

മോട്ടിവേഷൻ ക്ലാസ് ബിസിനസായി മാറിയാൽ ലാഭം മാത്രമായിരിക്കും പ്രതീക്ഷ. പ്രതീക്ഷിച്ചത്ര ആളുകൾ എത്തിയിട്ടില്ലെന്നറിഞ്ഞാൽ കാറിൽനിന്ന് പുറത്തിറങ്ങാൻ വിസമ്മതിക്കുക അത്തരക്കാരാണ്.

ഇത്തരം ക്ലാസുകൾ എടുക്കുന്നവർ അവരുടെ സ്വഭാവവും സമീപനവും ആകർഷണീയമാക്കണം. കാശുണ്ടാക്കൽ മാത്രമാണ് ലക്ഷ്യമെങ്കിൽ അത് അഹങ്കാരത്തിന് ഇടയാക്കും. ആളുകൾ മോട്ടിവേഷനിലൂടെ പ്രതീക്ഷ കൈവരിക്കുമ്പോൾ ക്ലാസെടുക്കുന്നയാൾ ആത്മസംതൃപ്തി അനുഭവിക്കണം. കൈയിൽ കിട്ടുന്ന പണത്തിലൂടെ മാത്രം സംതൃപ്തി കണ്ടെത്തുന്നവനാകരുത് മോട്ടിവേറ്റർ.

സദസ്സിനോട് എന്തും വിളിച്ചു പറയാൻ ധൈര്യം കാണിക്കുന്നതിലോ ക്ലാസ് സോഷ്യൽ മീഡിയയിൽ കറങ്ങിനടക്കുന്നതിലോ അല്ല വിജയം കാണേണ്ടത്; നാം പറഞ്ഞതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരാളുടെ ജീവിത വിജയത്തിന് അവസരമൊരുങ്ങുമ്പോഴാണ്. മറ്റുള്ളതെല്ലാം താൽക്കാലികം മാത്രമാണ്.

ഞാൻ വലിയ ഒരു സംഭവമാണ്, മാസത്തിൽ ലക്ഷങ്ങൾ സമ്പാദിക്കുന്നവനാണ് എന്ന അഹന്തയിൽ; ക്ലാസ് കേൾക്കാൻ വന്ന, തന്നെക്കാൾ പ്രായമുള്ളവരുടെ മുഖത്തുനോക്കി എടാ പോടാ വിളിക്കുന്ന മോട്ടിവേറ്റർ തികഞ്ഞ പരാജയമാണ്. വിനയാന്വിതർ ജീവിതംകൊണ്ടുതന്നെ പ്രചോദനമേകുന്നവരാണ്. ■

സുനിൽ യൂസുഫ്
: 97466 87530

# ഇസ്‌ലാം പരിഷ്കരിക്കപ്പെടണമെന്നോ?

മനുഷ്യനിർമിത ദർശനങ്ങളും ചിന്താധാരകളും ഒരിക്കലും അന്യൂനമാകില്ല; സാർവകാലികമാകില്ല. അതുകൊണ്ട് തന്നെ സ്ഥല-കാല-സാഹചര്യങ്ങൾക്കനുസൃതമായി അവ നവീകരിക്കപ്പെടേണ്ടി വരും. എന്നാൽ പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ വചനങ്ങൾ കാലാതിവർത്തിയും നിത്യനൂതനവും സാർവകാലികവുമാണ്. അത് തിരുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യേണ്ടതില്ല.

കാലം മാറുന്നു, അതിനനുസരിച്ച് കോലങ്ങളും മാറുന്നു. ചുറ്റുമുള്ളതെല്ലാം മാറുമ്പോൾ നമ്മൾ ഉൾക്കൊള്ളുന്ന മൂല്യങ്ങളും മതങ്ങളും ആശയങ്ങളുമൊക്കെ മാറ്റത്തിനു വിധേയമാക്കപ്പെടേണ്ടതല്ലേ? എല്ലാം പരിഷ്കരിക്കേണ്ടതില്ലേ? മതത്തെയും കാലത്തിനനുസരിച്ച് ന്യൂനതകളൊക്കെ നീക്കിക്കളഞ്ഞ് ഏറ്റവും നല്ലൊരു രൂപത്തിലേക്ക് അപ്ഡേറ്റ് ചെയ്യേണ്ടതില്ലേ? പലരും ഉന്നയിച്ചുകൊണ്ടിരിക്കുന്ന ചോദ്യമാണിത്.

അടിസ്ഥാനപരമായി നാം മനസ്സിലാക്കേണ്ട കാര്യമുണ്ട്; ഇസ്‌ലാം അന്ത്യനാൾവരെയുള്ള മനുഷ്യവർഗത്തിനുള്ള മതമെന്ന നിലയിൽ പ്രപഞ്ചസ്രഷ്ടാവ് പൂർത്തിയാക്കിത്തന്ന മതമാണ്, അതുകൊണ്ട് ഒരിക്കലും അപരിഷ്കൃതമാകില്ല, അതിന്റെ നിയമങ്ങൾ കാലഹരണപ്പെടില്ല. അതിൽ മനുഷ്യരുടെ വകയായി പരിഷ്കാരം വരുത്തേണ്ടതില്ല.

“...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തി



യാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു...”(ഖുർആൻ 5:3).

ഇങ്ങനെയുള്ള മതത്തിൽ ചില മിനുക്കുപണികളും കൂട്ടിച്ചേർക്കലുകളും വെട്ടിച്ചുരുക്കലുകളും വേണമെന്നു വന്നാൽ അതെങ്ങനെയാണ് ദൈവിക മതമാകുന്നത്? അങ്ങനെ ചില കൂട്ടിച്ചേർക്കലുകളോ വെട്ടിച്ചുരുക്കലുകളോ ആവശ്യമാണെന്നു വന്നാൽ ആ മതം അവതരിപ്പിച്ച ദൈവത്തെ എങ്ങനെയാണ് യഥാർഥ ദൈവമായി കണക്കാക്കുക?

മതമാകട്ടെ, മറ്റേതെങ്കിലും കാര്യമാകട്ടെ-അത് പരിഷ്‌കരിക്കണം, ചില കാര്യങ്ങൾ കൂട്ടിച്ചേർക്കണം, ചിലതൊക്കെ മാറ്റണം, വെട്ടിത്തിരുത്തണം എന്നൊക്കെയുള്ള ചിന്ത ആളുകളിൽ ഉണ്ടാകുന്നത് പ്രധാനമായും രണ്ടു കാരണങ്ങൾകൊണ്ടാണ്. ഒന്ന്, അതിൽ എന്തെങ്കിലും പരിമിതികൾ ഉണ്ട് എന്ന തോന്നൽ ഉണ്ടാകുമ്പോൾ. അഥവാ ഇപ്പോഴുള്ളതിൽ ന്യൂനതകൾ ഉണ്ട്, ചില പ്രശ്‌നങ്ങളുണ്ട് അതൊക്കെയും പരിഹരിക്കണം എന്ന് കരുതുമ്പോൾ. രണ്ട്, കാലം മാറുന്നതിനനുസരിച്ച് എല്ലാരംഗങ്ങളിലും വമ്പിച്ച മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. അതിനോടൊപ്പം ചേർന്നുനിൽക്കണമെങ്കിൽ മതത്തെയും ആശയങ്ങളെയുമൊക്കെ സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും തേട്ടങ്ങൾക്കനുസരിച്ച്, പരിവർത്തന വിധേയമാക്കേണ്ടതുണ്ട്, അല്ലെങ്കിൽ പഴഞ്ചൻ എന്നു മുദ്രകുത്തപ്പെടും എന്ന ചിന്തയുണ്ടാകുമ്പോൾ.

ഇസ്‌ലാമിന് ഉള്ളിൽനിന്നും അപൂർവം ചിലരും പുറത്തുനിന്നും ഇസ്‌ലാമിനെ മനസ്സിലാക്കാത്തവരും വിമർശകരുമായ പലരും ഇസ്‌ലാമിനെ പരിഷ്‌കരിക്കണം എന്നു വാദിക്കുന്നവരായുണ്ട്. പ്രാകൃതമായ ജീവിതപദ്ധതിയാണ് ഇസ്‌ലാമിനുള്ളതെന്നും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മൂല്യങ്ങളോടും ജീവിത രീതികളോടും യോജിച്ചു പോകുന്നതല്ല എന്നും അതുകൊണ്ടുതന്നെ അതിന് സമൂലമായ പരിഷ്‌ക

രണം ആവശ്യമാണെന്നും പറയുന്നവരുടെ ഉള്ളിലിരിപ്പ് എന്തെന്ന് വ്യക്തമാണ്.

പരിഷ്‌കൃത-പുരോഗമന രാജ്യങ്ങൾ എന്ന് അവകാശപ്പെടുന്നവ തങ്ങൾ കൊണ്ടുവന്ന പരിഷ്‌കരണങ്ങളുടെ പേരിൽ വിരൽ കടിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിതെന്നോർക്കുക. ചെരുപ്പിനനുസരിച്ച് കാലു മുറിക്കാൻ അനുവദിക്കുന്ന മതമല്ല ഇസ്‌ലാം.

'ഒരു പുരുഷൻ ഒരു സ്ത്രീയോടെന്നപോലെ ഒരു പുരുഷനോട് ശയിച്ചാൽ നീ വെറും മ്ലേച്ഛത പ്രവർത്തിച്ചിരിക്കുന്നു എന്നും അവരിരുവരും മരണശിക്ഷ അനുഭവിക്കണമെന്നും അവരുടെ രക്തത്തിന്റെ ഉത്തരവാദിത്തം അവരുടെ മേൽ മാത്രമാണെ'ന്നും പറഞ്ഞ ബൈബിളിലെ (ലേവ്യ പുസ്തകം, അധ്യായം 20, വാക്യം 13) വചനങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് ക്രൈസ്തവ മതമേലധ്യക്ഷന്മാർ തന്നെ തങ്ങളുടെ സ്വവർഗ വിവാഹങ്ങൾ അനുവദിക്കാമെന്നും അംഗീകരിക്കാമെന്നും അത് ക്രിസ്തീയ ദേവാലയങ്ങളിൽ അനുവദിച്ചുകൊടുക്കാമെന്നും കത്തോലിക്ക മതമേലധ്യക്ഷൻമാർക്ക് അത്തരത്തിലുള്ള സ്വവർഗ വിവാഹങ്ങൾ നടത്തുന്ന ദമ്പതികളെ ആശീർവദിക്കാനുള്ള അനുവാദമുണ്ട് എന്നുമൊക്കെ പ്രഖ്യാപനം നടത്തിയതിന്റെ വാർത്തകൾ നമ്മൾ വായിച്ചതാണ്. അങ്ങനെ പരിഷ്‌കാരത്തിന്റെയും പുരോഗമനത്തിന്റെയും സമൂഹത്തിന്റെയും കാലഘട്ടത്തിന്റെയും പേരുപറഞ്ഞ് അധർമത്തെ ധർമമാക്കാൻ തുനിഞ്ഞവർ ഇപ്പോൾ അതിന്റെ അനന്തരഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിലെ കുടുംബസംവിധാനത്തെ തകർക്കാൻ മാത്രം ശക്തിയുള്ള തീരുമാനങ്ങളാണ് പരിഷ്‌കാരം എന്ന പേരിൽ കത്തോലിക്കാ സഭയുടെ മേലധ്യക്ഷന്മാർ കൈക്കൊണ്ടത്.

ഇറ്റലിയിൽ ജനസംഖ്യ കുറഞ്ഞുവന്നപ്പോൾ ഇറ്റലിക്കാർ കൂടുതൽ കുഞ്ഞുങ്ങളെ പ്രസവിക്കണം എന്ന് പൊതുസമൂഹത്തോട് സാക്ഷാൽ മാർപാപ്പക്ക് ആഹ്വാനം ചെയ്യേണ്ടിവന്നത് ഈയിടെയാണ്. കുട്ടികൾക്കു പകരം വീടുകളിലുള്ളത് പട്ടികളും പൂച്ചകളുമാണ് എന്നാണ് അദ്ദേഹം ആ വാർത്താ സമ്മേളനത്തിൽ പറഞ്ഞത്.

സ്വന്തം താൽപര്യങ്ങളെയും തന്റെ ജീവിതത്തെയും തന്റെ ശരീരത്തെയും തന്റെ ഇച്ഛകളെയും ഒന്നാമതായി പ്രതിഷ്ഠിക്കുക എന്ന ലിബറലിസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണ് ഇത്തരത്തിലുള്ള കുടുംബ തകർച്ചയ്ക്ക് കാരണമെന്ന് വളരെ കൃത്യമായി മാർപാപ്പ പറയുകയുണ്ടായി.

മതമൂല്യങ്ങളും ധാർമിക പാഠങ്ങളും അവഗണിച്ചതിന്റെ ഫലം ഇന്ന് വളരെ പ്രത്യക്ഷമായിത്തന്നെ കാണാൻ തുടങ്ങിയിരിക്കുന്നു എന്നതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ് ഈ പറഞ്ഞതൊക്കെയും. യൂറോപ്പിലെ ഒട്ടുമിക്ക രാജ്യങ്ങളിലെ അവസ്ഥയും അവിടുത്തെ കുടുംബജീവിതത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. യൂറോപ്പിലെ ഏറ്റവും താഴ്ന്ന ജനന നിരക്കുള്ള രാജ്യം ഗ്രീസ് ആണ്. ഗ്രീസിലെ പല ഗ്രാമങ്ങളിലും കുട്ടികൾ ജനിക്കാറേയില്ല എന്ന് പഠനങ്ങൾ പറയുന്നു. പുരോഗമനത്തിന്റെ പേരിൽ കാട്ടിക്കൂട്ടിയ തോന്ന്യാസങ്ങളുടെ ഫലമാണിത്.

ക്രൈസ്തവർ ബ്രഹ്മചര്യം സ്വയം കെട്ടിച്ചമച്ചതാണെന്നും അതിന് ദൈവകൽപനയില്ലെന്നും വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്കു മുമ്പേ വ്യക്തമാക്കിയിട്ടുണ്ട്. അവരുണ്ടാക്കിയത് അവർക്കുതന്നെ ശരിയായി പാലിക്കുവാൻ കഴിയുന്നുമില്ല. മനുഷ്യ

> പരിഷ്‌കരണത്തിന്റെ പേരിലായാലും മറ്റെന്തിന്റെ പേരിലായാലും ആദർശത്തെ വെള്ളം ചേർത്ത് നേർപ്പിക്കാൻ ശ്രമിച്ചാൽ അത് ഒരിക്കലും നേർക്കുകയല്ല അലിഞ്ഞ് ഇല്ലാതാവുകയാണ് ചെയ്യുക. 'പല മതങ്ങളും ആശയങ്ങളും മാറ്റത്തിന് വിധേയമാകുന്നു, അങ്ങനെ കാലത്തിനനുസരിച്ച് ഉയരുന്നു, ഇസ്‌ലാം അതിന് അപവാദമാണ്' എന്ന് വിമർശകർ പറയുന്നു. അതൊന്നും മാറിയതല്ല, കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കാൻ ശേഷിയില്ലാതെ നിർബന്ധാവസ്ഥയിൽ മാറ്റേണ്ടി വന്നതാണ് എന്നതാണ് വസ്തുത. ഇസ്‌ലാമിലെ ആദർശത്തെയോ ഏതെങ്കിലും ആചാരത്തെയോ അനുഷ്ഠാനത്തെയോ കാലഘട്ടത്തിനും മാനവരാശിക്കും യോജിക്കാത്തത് എന്ന പേരിൽ മാറ്റേണ്ട ഗതികേട് വന്നിട്ടില്ല, വരികയുമില്ല. കാരണം അത് പ്രവാചകന്മാരാലോ, പുരോഹിതന്മാരാലോ നിർമിതമായതല്ല. അത് പ്രപഞ്ച സ്രഷ്ടാവിനാൽ നിർമിതമായതാണ്.

ന്റെ അടിസ്ഥാന ചോദനകളിൽ ഒന്നായ ലൈംഗികതയെ അടിച്ചമർത്തുക എന്നത് അസാധ്യമായ ഒന്നാണ്. ക്രിസ്തീയ മതമേലധ്യക്ഷൻമാർക്ക് തങ്ങളുടെ കീഴിലുള്ള കർദിനാളുമാരും ബിഷപ്പുമാരും നടത്തിയ ലൈംഗിക പീഡനങ്ങളെക്കുറിച്ച് പരസ്യമായി പൊതുമാപ്പ് പറയേണ്ടി വന്നത് ഇക്കാര്യം വിളിച്ചുപറയുന്നു.

ഏതുകാലത്തും ഏതുസമൂഹത്തിനും പ്രശ്നങ്ങൾക്ക് പരിഹാരം നിശ്ചയിച്ചുകൊടുക്കാൻ ഇത്തരത്തിലുള്ള മതങ്ങൾക്കും ആശയങ്ങൾക്കും എങ്ങനെയാണ് കഴിയുക? ഈയടുത്ത് നടത്തിയ പഠനത്തിൽ വ്യക്തമായത് അമേരിക്കയിലെ പത്തിൽ എട്ടുപേരും തങ്ങളുടെ പൊതുജീവിതത്തിൽ മതത്തിന് ഒരു സ്വാധീനവുമില്ല എന്ന് തുറന്നു പ്രഖ്യാപിക്കുന്നവരാണ് എന്നാണ്. ചർച്ചുകൾ മുസ്‌ലിം പള്ളികളും പിസ്സ ഷോപ്പുകളും സ്കേറ്റിംഗ് പാർക്കുകളുമായി മാറുന്ന കാഴ്ചയെക്കുറിച്ച് 2018ലാണ് മാർപാപ്പ വിലപിച്ചു പത്രപ്രസ്താവനയിറക്കിയത്. ജർമനിയിൽ രണ്ടായിരത്തിനുശേഷം മാത്രം 500ലധികം കത്തോലിക്കാ പള്ളികളാണ് മറ്റേതെങ്കിലും സ്ഥാപനങ്ങളായി മാറുകയോ അല്ലെ



ങ്കിൽ അടച്ചുപൂട്ടുകയോ ചെയ്തത് എന്ന് ടൂറിസം സെന്റർ നടത്തിയ പഠനത്തിൽ കാണുവാൻ കഴിയും. കാനഡയിൽ രണ്ടായിരത്തിനു ശേഷം അവിടെയുണ്ടായിരുന്ന മൊത്തം ദേവാലയങ്ങളുടെ 20% ആണ് നാമാവശേഷമായിപ്പോയത്. 2070 ആകുമ്പോൾ അമേരിക്കയിലെ പകുതിയിൽ താഴെയാളുകൾ മാത്രമാണ് മതത്തോട് ആഭിമുഖ്യമുള്ളവരായി ബാക്കിയുണ്ടാവുക എന്ന് മറ്റൊരു പഠനം പറയുന്നു.

പരിഷ്കരണത്തിന്റെ പേരിലായാലും മറ്റെന്തിന്റെ പേരിലായാലും ആദർശത്തെ വെള്ളം ചേർത്ത് നേർപ്പിക്കാൻ ശ്രമിച്ചാൽ അത് ഒരിക്കലും നേർക്കുകയല്ല അലിഞ്ഞ് ഇല്ലാതാവുകയാണ് ചെയ്യുക. 'പല മതങ്ങളും ആശയങ്ങളും മാറ്റത്തിന് വിധേയമാകുന്നു, അങ്ങനെ കാലത്തിനനുസരിച്ച് ഉയരുന്നു, ഇസ്‌ലാം അതിന് അപവാദമാണ്' എന്ന് വിമർശകർ പറയുന്നു. അതൊന്നും മാറിയതല്ല, കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കാൻ ശേഷിയില്ലാതെ നിർബന്ധാവസ്ഥയിൽ മാറ്റേണ്ടി വന്നതാണ് എന്നതാണ് വസ്തുത. ഇസ്‌ലാമിലെ ആദർശത്തെയോ ഏതെങ്കിലും ആചാരത്തെയോ അനുഷ്ഠാനത്തെയോ കാലഘട്ടത്തിനും മാനവരാശിക്കും യോജിക്കാത്തത് എന്ന പേരിൽ മാറ്റേണ്ട ഗതികേട് വന്നിട്ടില്ല, വരികയുമില്ല. കാരണം അത് പ്രവാചകന്മാരാലോ, പുരോഹിതന്മാരാലോ നിർമിതമായതല്ല. അത് പ്രപഞ്ച സ്രഷ്ടാവിനാൽ നിർമിതമായതാണ്. ഈ ദീൻ പൂർത്തിയാക്കിയത്, ഇതിന്റെ ഓരോ ആശയങ്ങളും ചിട്ടപ്പെടുത്തിയത് അവനാണ്. അത് ഇസ്‌ലാമിന്റെ മാത്രം സവിശേഷതയാണ്.

ഇന്ത്യയിലുള്ള മുസ്‌ലിമിനും സൗദി അറേബ്യയിലുള്ള മുസ്‌ലിമിനും അമേരിക്കയിലുള്ള മുസ്‌ലിമിനും അന്റാർട്ടിക്കയിലുള്ള മുസ്‌ലിമിനും ഒരുപോലെ സ്വീകരിക്കാനും ആചരിക്കാനും അനുഷ്ഠിക്കാനും കഴിയുന്നതാണ് ഇസ്‌ലാം. വെട്ടിത്തിരുത്തുവാൻ മാത്രം ഏതെങ്കിലും ഒരു കവിയുടെയോ കഥാകൃത്തിന്റെയോ രചനാനിർവഹണത്തിനിടയിൽ പറ്റിപ്പോയ ഒരു വരിയല്ല ഇസ്‌ലാം. ഏതെങ്കിലും ശാസ്ത്രജ്ഞന്റെ ലബോറട്ടറിയിൽ തെറ്റിപ്പോയ ഒരു പരീക്ഷണമല്ല ഇസ്‌ലാം. അത് തികച്ചും പ്രപഞ്ചസ്രഷ്ടാവിന്റെ മതമാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാം അന്യൂനമാണ്. അത് സാർവകാലികമാണ്. ഏതുകാലത്തും ഏതു സമൂഹത്തിനും ഏതു പ്രായത്തിലുള്ളവർക്കും ആചരിക്കാനും അനുഷ്ഠിക്കാനും കഴിയുന്ന ലളിതസുന്ദരമായ മതമാണ് ഇസ്‌ലാം. അത് പ്രശ്നമല്ല, പ്രശ്ന പരിഹാരമാണ്.

'ജനങ്ങളെ മതവിശ്വാസത്തിൽ നിന്നും-അല്ലെങ്കിൽ മതത്തിൽ നിന്നും-രക്ഷപ്പെടുത്തുക എന്നതാണ് ഞങ്ങളുടെ ദൗത്യം. അതുകൊണ്ട് എല്ലാ മതങ്ങളെയും ഞങ്ങൾ വിമർശിക്കാറുണ്ട്. വിമർശിക്കുന്ന കാര്യത്തിൽ എല്ലാ മതങ്ങളെയും ഞങ്ങൾ തുല്യമായി കാണുന്നു' എന്ന് നമ്മുടെ നാട്ടിലെ യുക്തിവാദികളും ലിബറലുകളും പറഞ്ഞുവന്നിരുന്നു. എന്നാൽ

ഇപ്പോൾ അവർ പറയുന്നത് എല്ലാ മതങ്ങളും എതിർക്കപ്പെടേണ്ട കാര്യത്തിൽ ഒരുപോലെയല്ല എന്നാണ്. ഇസ്‌ലാമിനെയാണത്രെ കൂടുതലായി എതിർക്കേണ്ടത്!

'കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ മനുഷ്യരെ കൊന്നൊടുക്കിയ മതം ക്രിസ്തു മതം തന്നെയാണ്. എന്നാലും പ്രശ്നം ഇസ്‌ലാമാണ്. കാരണം ഇസ്‌ലാംമതം മാത്രമാണ് പരിഷ്‌കരണത്തിൽനിന്നും മുഖംതിരിഞ്ഞു നിൽക്കുന്നത്. കുരിശുയുദ്ധത്തെ ക്രൈസ്തവർ ഇപ്പോൾ അക്രമത്തിനുള്ള പ്രചോദനമായി കാണുന്നില്ല. എന്നാൽ ഇസ്‌ലാം ഇപ്പോഴും ജിഹാദിന് പ്രേരണ നൽകുന്നു' എന്നാണ് ഇസ്‌ലാമിനോട് പ്രത്യേകം വിവേചനം കാണിക്കാനുള്ള കാരണമായി പറയുന്നത്.

ഇവർ യഥാർഥത്തിൽ ആവശ്യപ്പെടുന്നത് പാശ്ചാത്യൻ ലിബറലുകളുടെ ആശയത്തിന് മുന്നിൽ അടിയറവു പറയാനാണ്. അവർ (ലിബറലുകൾ) പറയുന്നതിന്റെ ചുരുക്കം ഇതാണ്: 'ഞങ്ങളുടെ ആശയത്തോട് അനുയോജ്യമായി നിങ്ങളുടെ മതവിശ്വാസത്തെ കൊണ്ടുപോയാൽ ഞങ്ങൾ നിങ്ങളെ അംഗീകരിക്കാം. ഞങ്ങളുടെ ആശയത്തെ അവഗണിച്ച് നിങ്ങൾ നിങ്ങളുടെ മതവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ നിങ്ങളുടെ മതം അപരിഷ്കൃതമാണ്. ഞങ്ങൾ അതിനെ എതിർക്കും. മതവും ലിബറൽ ആശയവും വിയോജിക്കുന്ന സ്ഥലത്ത് നിങ്ങൾ മതത്തെ മാറ്റിവച്ച് ലിബറൽ ആശയം സ്വീകരിക്കാൻ തയ്യാറായിരിക്കണം. ഉദാഹരണത്തിന് സ്വവർഗരതി. ഇസ്‌ലാം അതിനെ വലിയ പാപമായി കാണുന്നു. എന്നാൽ മാറിയ കാലത്ത് അതിനെ എതിർക്കേണ്ടതില്ല. അതിൽ ഒരു കുഴപ്പവുമില്ല. മദ്യം, പലിശ, വ്യഭിചാരം എന്നിവ ഹറാമാണ്, ചെയ്യരുത് എന്നു പറയരുത്. അത് ഓരോരുത്തരുടെയും അവകാശമാണ് എന്ന ഞങ്ങളുടെ ആശയം നിങ്ങൾ സ്വീകരിക്കണം.'

അതായത്, 'ഞങ്ങളുടെ ആശയങ്ങളെ നിങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഈ കാലഘട്ടത്തിന് ചേർന്നവരല്ല നിങ്ങൾ എന്നും, നിങ്ങളുടെ മതം എതിർക്കപ്പെടേണ്ടതാണ്' എന്നുമാണ് ലിബറലുകൾ പറയുന്നത്.

മുസ്‌ലിം സമുദായത്തിനിടയിൽ കാണപ്പെടുന്ന അപചയങ്ങളെ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ നിർമാർജനം ചെയ്യുന്നതിനെ ഇവർ അംഗീകരിക്കുന്നില്ല. കാരണം അത് അവരുടെ വീക്ഷണത്തിൽ അപരിഷ്കൃതത്വത്തിലേക്കുള്ള മടക്കമാണ്, അപകടമാണ്!

ഇസ്‌ലാം പഠിപ്പിക്കുന്നത് ആണ് ആണാണെന്നും പെണ്ണ് പെണ്ണാണെന്നും മനുഷ്യൻ മനുഷ്യനാണെന്നുമാണ്. എന്നാൽ ലിബറലിസ്റ്റുകൾ പറയുന്നത് ഓരോരുത്തർക്കും തീരുമാനിക്കാം താൻ ആണാണെന്നോ പെണ്ണാണെന്നോ എന്ന്, അല്ലെങ്കിൽ താൻ പട്ടിയാണോ പൂച്ചയാണോ മറ്റെന്തെങ്കിലും ജീവിയാണോ എന്ന് എന്നാണ്! ഈ മാനവിക വിരുദ്ധമായ ഈ ഭ്രാന്തൻ ആശയം മുസ്‌ലിംകളെന്നല്ല മനുഷ്യത്വം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ആരും അംഗീകരിക്കില്ല.

> പെണ്ണിന്റെ അസ്തിത്വവും അഭിമാനവും ഉയർത്തിപ്പിടിച്ച ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നും പെണ്ണിന്റെ ശരീരത്തെ കാഴ്ചവസ്തുവാക്കുകയും വിപണിയിൽ വിറ്റ് കാശാക്കുകയും ചെയ്യുന്ന ദുഷിച്ച മൂല്യങ്ങളിലേക്ക് മാറണമെന്നാണോ ഇവർ പറയുന്നത്? മനുഷ്യന്റെ ജീവനും അഭിമാനത്തിനും പവിത്രത കൽപിച്ച, അന്യായമായ കൊലയെ വിലക്കുന്ന ഇസ്‌ലാമിൽനിന്നും; ജനിച്ചുവരുന്ന കുട്ടിക്ക് അംഗവൈകല്യമുണ്ടെങ്കിൽ കൊന്നുകളയാം എന്ന് പറയുന്ന, 9 മാസം പ്രായമുള്ള കുട്ടിയാണെങ്കിലും വൈകല്യമുണ്ടെങ്കിൽ ഭ്രൂണഹത്യചെയ്യാം എന്ന് പറയുന്ന പാശ്ചാത്യമൂല്യങ്ങളിലേക്ക് മടങ്ങണമെന്നാണോ ഇവർ പറയുന്നത്!

പെണ്ണിന്റെ അസ്തിത്വവും അഭിമാനവും ഉയർത്തിപ്പിടിച്ച ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നും പെണ്ണിന്റെ ശരീരത്തെ കാഴ്ചവസ്തുവാക്കുകയും വിപണിയിൽ വിറ്റ് കാശാക്കുകയും ചെയ്യുന്ന ദുഷിച്ച മൂല്യങ്ങളിലേക്ക് മാറണമെന്നാണോ ഇവർ പറയുന്നത്? മനുഷ്യന്റെ ജീവനും അഭിമാനത്തിനും പവിത്രത കൽപിച്ച, അന്യായമായ കൊലയെ വിലക്കുന്ന ഇസ്‌ലാമിൽനിന്നും; ജനിച്ചുവരുന്ന കുട്ടിക്ക് അംഗവൈകല്യമുണ്ടെങ്കിൽ കൊന്നുകളയാം എന്ന് പറയുന്ന, 9 മാസം പ്രായമുള്ള കുട്ടിയാണെങ്കിലും വൈകല്യമുണ്ടെങ്കിൽ ഭ്രൂണഹത്യചെയ്യാം എന്ന് പറയുന്ന പാശ്ചാത്യമൂല്യങ്ങളിലേക്ക് മടങ്ങണമെന്നാണോ ഇവർ പറയുന്നത്!

ഇസ്‌ലാമിനെ പരിഷ്കരിക്കേണ്ടതുണ്ട്, മുസ്‌ലിംകൾ മാറേണ്ടതുണ്ട് എന്ന് മുറവിളികൂട്ടുന്ന ലിബറലുകൾ അറിയുക; കാലത്തിനും പ്രപഞ്ചത്തിനും അതീതനായ സ്രഷ്ടാവിന്റെ മതം കൈകടത്തലുകളില്ലാതെ ലോകത്ത് നിലനിൽക്കുക തന്നെ ചെയ്യും.

"അവർ അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു" (ക്വുർആൻ 61: 8). ■




"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. ആരുടെയും സന്തതിയായി ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (113:14).

# ആൾദൈവങ്ങളും ആത്മീയചൂഷണവും

"

അറിയുക! അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്‌വണക്കം. അവനു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) 'അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരുവാൻ വേണ്ടി മാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുകതന്നെ ചെയ്യും..." (ക്വുർആൻ 39:3).

### യഥാർഥ വിശ്വാസം

ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. ഏകദൈവ വിശ്വാസമാണ് അതിന്റെ പ്രത്യേകത. മനുഷ്യൻ വിശ്വാസത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ എത്തിപ്പെടുന്നത് അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കുമായിരിക്കും. അവൻ അതിൽ നിർവൃതികൊള്ളുമ്പോൾ അവന് നഷ്ടമാകുന്നത് അവന്റെ സമ്പത്തും വിശ്വാസവും തന്നെയാണ്. ആത്യന്തികമായി അവൻ എത്തിപ്പെടുന്നത് പ്രയാസങ്ങളിലേക്കും ദുരിതങ്ങളിലേക്കുമായിരിക്കും. നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്ന കൽപന ഇസ്‌ലാമിന്റെ മാത്രം പ്രത്യേകതയാണ്.

"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്ര

യമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. ആരുടെയും സന്തതിയായി ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (113:1-4).

ഇതാണ് യഥാർഥ ദൈവത്തെക്കുറിച്ചുള്ള കൃത്യമായ, സംക്ഷിപ്ത വിവരണം. നിർമിത ബുദ്ധിയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ആശയമല്ല ഇത്. പ്രപഞ്ച സ്രഷ്ടാവുതന്നെ അവനെക്കുറിച്ച് പറഞ്ഞുതന്നതാണ്.

ഇങ്ങനെയുള്ള അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾ അവനല്ലാതെ മറ്റൊരാരാധ്യനില്ല എന്ന് അംഗീകരിക്കേണ്ടതുണ്ട്. അറിവ്, ദൃഢവിശ്വാസം, ആത്മാർഥത, സത്യസന്ധത, സ്നേഹം, സ്വീകരിക്കലും കീഴ്പ്പെടലും എന്നിവ അതിന്റെ നിർബന്ധ ഘടകങ്ങളാണ്.

ആദിമനുഷ്യനായ ആദം നബി (അ) മുതൽ ലോകാവസാനംവരെയുള്ള എല്ലാ മനുഷ്യർക്കുമുള്ള രക്ഷയുടെ മാർഗമാണിത്. മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കടമതന്നെ സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കലാണെന്ന് വിശുദ്ധ ക്വുർആൻ അറിയിക്കുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല"(51:56).

പ്രവാചകൻമാർ കാലാകാലങ്ങളിൽ പ്രബോധിത സമൂഹത്തെ ഈ ആദർശത്തിലേക്ക് ക്ഷണിച്ചു, അതിലേക്ക് കടന്നുവന്നവരുടെ പിൻതലമുറക്കാർ ഈ തത്ത്വത്തിൽനിന്ന് വ്യതിചലിച്ചു പോകുവാൻ പൈശാചിക പ്രേരണ ഹേതുവായി! സ്രഷ്ടാവിന്റെ വായുശ്വസിച്ചും വെള്ളം കുടിച്ചും ജീവൻ നിലനിർത്തുന്ന മനുഷ്യൻ നന്ദികേടിലേക്ക് നീങ്ങി. ഏകദൈവ വിശ്വാസത്തിൽനിന്ന് പതിയെ ബഹുദൈവ വിശ്വാസത്തിലേക്ക് മനുഷ്യൻ മാറിക്കൊ



**മുസ്‌ലിം സമുദായത്തിലെ ചില പണ്ഡിതവേഷധാരികൾ സ്വയം ദൈവികത അവകാശപ്പെടുന്നില്ലെങ്കിലും അല്ലാഹുവിന് മാത്രം അവകാശപ്പെട്ട പല കഴിവുകളും തങ്ങൾക്കുമുണ്ടെന്ന് അവകാശപ്പെടുന്നു. പലർക്കും സ്രഷ്ടാവിന്റെ പദവി ചാർത്തിക്കൊടുക്കാൻ പോലും ധൈര്യം കാണിക്കുന്നു. ഉറുക്കും ഏലസ്സും ദുർമന്ത്രങ്ങളും വശീകരണ യന്ത്രങ്ങളും മറ്റും ആൾദൈവ സങ്കൽപത്തിന്റെ ചിഹ്നങ്ങളാണ്. സർവ മതക്കാർക്കിടയിലും ഇത് കാണാവുന്നതാണ്.**

ണ്ടിരുന്നു. അതാകട്ടെ വലിയ പാപമാണ്.

അല്ലാഹു പറഞ്ഞു: "തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്"(4:48).

### ആൾദൈവങ്ങൾ ഉണ്ടാകുന്നത്!

ആൾദൈവങ്ങൾ ആധുനിക സമൂഹത്തിൽ മുളപൊട്ടിവന്ന ഒന്നല്ല. പൗരാണിക സമൂഹങ്ങളുടെ കാഴ്ചപ്പാടുകളിലും വിശ്വാസങ്ങളിലും ആൾദൈവസങ്കല്പം ഉണ്ടായിരുന്നു എന്ന് നമുക്ക് കാണാൻ കഴിയും. ഫിർഔൻ താൻ അത്യുന്നതനായ റബ്ബാണ് എന്ന് സ്വയം വാദിച്ചിരുന്നു.

അറബികൾ മുഴുവൻ ഇസ്മാഈൽ നബി(അ)യുടെ പ്രബോധനം ഉൾക്കൊണ്ടവരായിരുന്നു. കാലക്രമേണ അവരിൽ വ്യതിയാനം സംഭവിച്ചു. ഖുസാഅത് ഗോത്രനേതാവും അറബികളുടെ പൊതു സ്വീകാര്യനുമായിരുന്ന അംറുബ്നു ലുഹയ്യ് ഒരിക്കൽ സിറിയ സന്ദർശിച്ചു. സൽസ്വഭാവിയായ അംറ് നന്മയിലും ധർമത്തിലും മതനിഷ്ഠയിലും മുൻനിരയിലുണ്ടായിരുന്നതിനാൽ മക്കാനിവാസികൾ അദ്ദേഹത്തെ സ്നേഹിച്ചു, അദ്ദേഹത്തിന് വഴിപ്പെട്ടു. അദ്ദേഹം പണ്ഡിതനും വലിയ്യുമാണെന്ന് അവർ വിശ്വസിച്ചു. സിറിയയിൽ ബിംബാരാധന നടമാടിയ കാലഘട്ടമായിരുന്നു അത്. അംറിന് ഈ ഏർപ്പാട് നന്നായി ഇഷ്ടപ്പെട്ടു. ഹുബ്ൽ എന്ന വിഗ്രഹവുമായാണ് അയാൾ സിറിയയിൽനിന്ന് മക്കയിലേക്ക് തിരിച്ചു വരുന്നത്. ചെങ്കടൽ തീരത്ത് അതിനെ പ്രതിഷ്ഠിക്കുകയും പിന്നീട് അതിനെ ആരാധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പിന്നീടു കണ്ടത്.

ഒരാളോടുള്ള ഇഷ്ടവും അയാളുടെ സ്വഭാവവും അതേപോലെതന്നെ അയാളുടെ സവിശേഷമായ ചില പ്രവർത്തനങ്ങളും ജനങ്ങളിൽ സ്വാധീനം ചെലുത്തുമ്പോൾ അത് അദ്ദേഹത്തോടുള്ള ആരാധനയായി മാറുന്ന അവസ്ഥക്ക് ചരിത്രത്തിൽ ഉദാഹരണങ്ങളേറെയുണ്ട്.

ജനങ്ങൾക്ക് മരണപ്പെട്ട ഏതെങ്കിലും മഹാനോടുള്ള അതിയായ ആദരവും ബഹുമാനവും ചൂഷണം ചെയ്ത് പണമുണ്ടാക്കുവാൻ പുരോഹിതന്മാർ അവരുടെ ഖബ്‌റുകളെ ആരാധനാകേന്ദ്രമാക്കി മാറ്റുന്നു.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് അവരെ തടയുകയും ചെയ്യുന്നു" (9:34).

മുസ്‌ലിം സമുദായത്തിലെ ചില പണ്ഡിതവേഷധാരികൾ സ്വയം ദൈവികത അവകാശപ്പെടുന്നില്ലെങ്കിലും അല്ലാഹുവിന് മാത്രം അവകാശപ്പെട്ട പല കഴിവുകളും തങ്ങൾക്കുമുണ്ടെന്ന് അവകാശപ്പെടുന്നു. പലർക്കും സ്രഷ്ടാവിന്റെ പദവി ചാർത്തിക്കൊടുക്കാൻ പോലും ധൈര്യം കാണിക്കുന്നു. ഉറുക്കും ഏലസ്സും ദുർമന്ത്രങ്ങളും വശീകരണ യന്ത്രങ്ങളും മറ്റും ആൾദൈവ സങ്കൽപത്തിന്റെ ചിഹ്നങ്ങളാണ്. സർവ മതക്കാർക്കിടയിലും ഇത് കാണാവുന്നതാണ്.

യു.പിയിലെ ഹാഥ്‌റസ് ജില്ലയിലെ ഫുൽറൈ ഗ്രാമത്തിൽ ഈയിടെ ഒരു ആൾദൈവ കേന്ദ്രത്തിലെ പ്രാർഥനായോഗത്തിൽ തിക്കിലും തിരക്കിലും പെട്ട് 121 പേർ മരണപ്പെട്ടതും നിരവധി പേർക്ക് പരിക്കേറ്റതും നാം കണ്ടു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. മുതൽമുടക്കില്ലാതെ കോടികൾ സമ്പാദിക്കാൻ മനുഷ്യർ കണ്ടെത്തുന്ന കുറുക്കുവഴികൾ വരുത്തുന്ന ഇത്തരം ദുരന്തങ്ങൾ ഏതെങ്കിലും ഒരു മതത്തിന്റെ പേരിൽ മാത്രം ഒതുങ്ങുന്നതല്ല. ലക്ഷ്വറി വാഹനങ്ങളും കൊട്ടാരങ്ങളും പരിവാരങ്ങളും സുഖിക്കാൻ സർവവിധ സൗകര്യങ്ങളും ഇത്തരം ആത്മീയ ചൂഷകർക്ക് വളരെ പെട്ടെന്നാണ് ലഭിക്കാറുള്ളത് എന്ന വസ്തുത വരുമാനത്തിന്റെ അളവ് വ്യക്തമാക്കുന്നു. രാഷ്ട്രീയ പാർട്ടികൾ പോലും ഭയക്കുന്ന ഇവരുടെ സ്വൈര്യവിഹാരത്തിന് ഭരണകൂടത്തിന്റെ ഒത്താശയും ലഭിക്കുന്നു എന്നുള്ളതാണ് ചരിത്രം!

ഓഷോ രജനീഷ് പോലുള്ളവരെ സംരക്ഷിക്കാനും വളർത്താനും ശ്രമിച്ചതിലൂടെ ഇന്ത്യ നേടിയ അപഖ്യാതി ചെറുതല്ല.

> സ്വന്തം ശരീരത്തെ രോഗത്തിൽ നിന്ന് രക്ഷിക്കാൻ കഴിയാത്തവർ മറ്റുള്ളവരുടെ രോഗങ്ങളും പ്രയാസങ്ങളും മാറ്റിക്കൊടുക്കുമെന്ന് പരസ്യം ചെയ്യുന്നു. അമ്മമാരും ബീവിമാരും ബാബമാരും ഉസ്താദുമാരുമായി അറിയപ്പെടുന്ന പലരും ഈ കുളിമുറിയിൽ നഗ്നരാണെന്നു പറയേണ്ടിയിരിക്കുന്നു. വഴിവാണിഭം പോലെ ആത്മീയവാണിഭം തഴച്ചു വളരാൻ ഇതുവഴി സാധിക്കുന്നു.

ലൈംഗികതയിലൂടെ ആത്മീയതയുടെ പരമപദപ്രാപ്തിയിലേക്ക് (മോക്ഷം) എത്തിച്ചേരാം എന്നുള്ള ഭാരതീയ താന്ത്രിക സങ്കൽപത്തിന്റെ ആധുനിക വക്താവായിരുന്നു അദ്ദേഹം. നിരവധി പേരെ വധിക്കുകയും യുവതികളെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കുകയും ചെയ്ത ഗുർമിത് റാം റഹിം സിംഗും ഇന്ത്യയിൽ ജീവിച്ച, ഇന്ത്യക്കപമാനമായ ആൾദൈവമാണ്. ആളുകൾ വളർത്തുന്ന ആൾദൈവങ്ങൾക്ക് മൂലധനം ആവശ്യമില്ല എന്നത് അവർക്ക് തഴച്ചുവളരാൻ കാരണമാകുന്നു. ലക്ഷക്കണക്കിന് അനുയായികളുള്ള ആസാറാം ബാപ്പുജിയെപ്പോലെയുള്ള പലരും അഴിക്കുള്ളിലായത് പുറത്തുപറയാൻ കൊള്ളാത്തത്ര ലൈംഗിക ചൂഷണങ്ങൾ കാരണമാണ്.

ലോകമേറെ വളർന്നിട്ടും പൗരബോധം നഷ്ടപ്പെട്ടവരായി ഇന്ത്യൻ ജനത മാറുന്നുണ്ടോ എന്നതാണ് ഹാഥ്‌റസ് ദുരന്തം നമ്മെ ഓർമപ്പെടുത്തുന്നത്. മതങ്ങളെയല്ല കുറ്റപ്പെടുത്തേണ്ടത്, മനുഷ്യരെയാണ്! വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ 'കീഴ് വായു പുറപ്പെടുവിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ സ്ഥാനം കയ്യേറി.'

ജീവനും സ്വത്തിനും ഭീഷണിയായ ഇത്തരം ചൂഷകരെ നിലയ്ക്കു നിറുത്താൻ സർക്കാറിന് സാധിക്കണം. മന്ത്രിമാരും ജനപ്രതിനിധികളും ജഡ്ജിമാരുമൊക്കെ ചില നമ്പറുകളെ പോലും ഭയപ്പെടുന്നത് നാം കാണുന്നു. അന്ധവിശ്വാസങ്ങളും അമിതമായ വ്യക്തിയാരാധനയും ആൾ ദൈവഭക്തിയും കൂടുതലും അഭ്യസ്തവിദ്യരിലാണ് കണ്ടുവരുന്നത്.

പല രാഷ്ട്രീയ നേതാക്കളും അവരുടെ ജയപരാജയത്തിനു നിദാനം ആൾദൈവങ്ങളാണെന്ന് വിശ്വസിക്കുന്നു. സ്വന്തം ശരീരത്തെ രോഗത്തിൽ നിന്ന് രക്ഷിക്കാൻ കഴിയാത്തവർ മറ്റുള്ളവരുടെ രോഗങ്ങളും പ്രയാസങ്ങളും മാറ്റിക്കൊടുക്കുമെന്ന് പരസ്യം ചെയ്യുന്നു. അമ്മമാരും ബീവിമാരും ബാബമാരും ഉസ്താദുമാരുമായി അറിയപ്പെടുന്ന പലരും ഈ കുളിമുറിയിൽ നഗ്നരാണെന്നു പറയേണ്ടിയിരിക്കുന്നു. വഴിവാണിഭം പോലെ ആത്മീയവാണിഭം തഴച്ചു വളരാൻ ഇതുവഴി സാധിക്കുന്നു. ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 18

# സാമൂഹ്യബഹിഷ്കരണത്തിൽ തളരാതെ

മലപ്പുറം സമ്മേളനത്തിനുശേഷം വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന ആ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരേണ്ടതുണ്ട് എന്ന താല്പര്യം ഐക്യസംഘം നേതാക്കളിലുണ്ടായി. ഉയർന്ന നിലവാരമുള്ള സ്കൂളുകൾ തന്നെയായിരിക്കണം അവയെന്ന് മണപ്പാട് കുഞ്ഞഹമ്മദ് ഹാജി ആഗ്രഹിച്ചു. ഊട്ടിയിലെ ലവ്ഡേൽ സ്കൂൾ പോലെ ഒരു സ്കൂൾ ഏറനാട്ടിൽ മുസ്‌ലിംകൾക്കുവേണ്ടി തുടങ്ങണമെന്നത് മണപ്പാടന്റെ ഒരു സ്വപ്നമായിരുന്നു.

## എട്ടാം വാർഷികസമ്മേളനം

ഐക്യസംഘത്തിന്റെ എട്ടാം വാർഷികസമ്മേളനം 1930ൽ തിരുവനന്തപുരത്ത് വെച്ച് നടന്നു. ഈ സമ്മേളനത്തിന്റെ സംഘാടനത്തിലും ആസൂത്രണത്തിലും ഇ.കെ.മൗലവി സജീവമായി രംഗത്തുണ്ടായിരുന്നു. വക്കം മൗലവി സാഹിബവർകൾ തന്റെ പുത്രൻ അബ്ദുൽ വഹാബിനോടൊപ്പം ഈ യോഗത്തിൽ സംബന്ധിച്ചിരുന്നുവെന്ന് ഇ.കെ. മൗലവി സീതി സാഹിബിന് അയച്ച കത്തിൽ അനുസ്മരിച്ചിട്ടുണ്ട്. പറയത്തക്ക എതിർപ്പുകളൊന്നുമില്ലാതെ നടന്ന ഈ സമ്മേളനത്തെക്കുറിച്ച് ഇ.കെ. മൗലവി ഇങ്ങനെ എഴുതുന്നു.

“തിരുവനന്തപുരത്തും പറയത്തക്ക എതിർപ്പൊന്നും ഉണ്ടാകാതിരിക്കാനും കാരണമില്ലാതില്ല. മലബാറിലും കൊച്ചി സ്റ്റേറ്റിലും എതിർപ്പുണ്ടായിരുന്ന അതേ കാലത്തുതന്നെ തിരുവിതാംകൂറിലെ ചിറയിൻകീഴ് താലൂക്കിലും ഒരു പ്രക്ഷോഭം പൊട്ടിപ്പുറപ്പെടുകയും പല വാദപ്രതിവാദങ്ങളും നടക്കുകയുമുണ്ടായിട്ടുണ്ട്. അതിന്റെ ചുരുക്കം ചുവടെ വിവരിക്കാം:

ഒന്നാമതായി വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ ആധിപത്യത്തിൽ അറബി മലയാളത്തിൽ ‘അൽഇസ്‌ലാം’ എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അഞ്ചു ലക്കങ്ങൾ മാത്രമേ പുറത്തുവന്നിരുന്നുള്ളൂവെങ്കിലും കേരളമൊട്ടുക്കും അതിന്റെ അലയൊലിയുണ്ടായി. ഈ ഘട്ടത്തിൽ ആലങ്കോട്ട് അണ്ടത്തോടുകാരൻ കുഞ്ഞു മുസ്‌ല്യാർ ഒരു വഅള് പരമ്പര നടത്തുകയുണ്ടായി. അതിൽ അദ്ദേഹം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയും മുഹമ്മദുബ്നു അബ്ദുൽ വഹാബും കാഫിറാണെന്നും മറ്റുംതട്ടിമൂളിക്കുകയുണ്ടായി. അതിനു പല അസംബന്ധങ്ങളും അടങ്ങിയ ഒരു മറുപടിയാണ് അദ്ദേഹം കൊടുത്തത്. അതിനെ തുടർന്നുകൊണ്ട് നിലക്കാമുക്ക് ഇസ്‌ലാം ധർമപാലന സംഘം സെക്രട്ടറിയും മുസ്‌ല്യാർ കക്ഷികളും തമ്മിൽ പല നോട്ടീസുകളും എതിർ നോട്ടീസുകളും നടക്കുകയുണ്ടായി. അതെല്ലാം ഇവിടെ ഉദ്ധരിക്കുക സാധ്യമല്ല. (പിന്നീട് ആ വിവരങ്ങൾ അടങ്ങിയ ‘സൗഉസ്സബാഹ്’ എന്ന ഒരു പുസ്തകം പുറത്തിറങ്ങുകയുണ്ടായി). ഈ കോലാഹലങ്ങളുടെയെല്ലാം ഫലമായി ഐക്യസംഘത്തിന്റെ ആദർശ



ങ്ങൾ തിരുവനന്തപുരത്തും പരിസരങ്ങളിലുമുള്ള മുസ്‌ലിംകൾ ഏറെക്കുറെ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. തന്മൂലം അവിടെയും ഐക്യസംഘത്തിന്റെ വാർഷികയോഗം സമാധാനമായിത്തന്നെ കഴിഞ്ഞുകൂടുകയുണ്ടായി. തിരുവനന്തപുരം യോഗത്തിൽ അധ്യക്ഷത വഹിച്ചിരുന്നത് മദ്രാസ് വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറായിരുന്ന ലഫ്റ്റനന്റ് കേണൽ അബ്ദുൽ ഹമീദ് സാഹിബായിരുന്നു." (47)

മുൻകഴിഞ്ഞ സമ്മേളനങ്ങളെപ്പോലെ ഈ സമ്മേളനത്തിൽ കാര്യമായ പദ്ധതികളൊന്നും തന്നെ ചർച്ചചെയ്യപ്പെട്ടില്ല

### ഒമ്പതാം വാർഷിക സമ്മേളനം

ഐക്യസംഘത്തിന്റെ ഒമ്പതാം വാർഷികസമ്മേളനം 1931ൽ മലപ്പുറത്ത് വച്ചു നടന്നു. വടക്കെ മലബാർ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജി ഖാൻ ബഹദൂർ മീർ സൈനുദ്ദീൻ സ്വാഹിബായിരുന്നു അധ്യക്ഷൻ. സമ്മേളന തീയതിക്കു ദിവസങ്ങൾ മുമ്പേ ഇ.കെ. മൗലവി മലപ്പുറത്തെത്തിയിരുന്നു. ഈ സമ്മേളനത്തെക്കുറിച്ച് 'ഐക്യസംഘവും കേരള മുസ്‌ലിംകളും' എന്ന കൃതിയിൽ എൻ.കെ. അഹ്മദ് മൗലവി നൽകിയ ലഘു വിവരണം ചുവടെ കൊടുക്കുന്നു:

"മലപ്പുറത്തും പരിസരത്തും ഐക്യസംഘത്തെപ്പറ്റി വലിയ ആക്ഷേപങ്ങളൊന്നുമുണ്ടായിരുന്നില്ല. വാർഷികസമ്മേളനമാരംഭിച്ചതോടെ പാങ്ങിൽ അഹമ്മദ് കുട്ടി മുസ്‌ല്യാരും (അല്ലാഹു(ത) ഈ മഹത്തായ സ്ഥാപനത്തെ ഐക്യസംഘത്തെ-ഖിയാമത്ത് നാൾവരെ നിലനിറുത്തട്ടെ' എന്നു സംഘത്തിന്റെ കോഴിക്കോട് വാർഷികത്തിൽവച്ചു പ്രാർത്ഥിച്ച ആളാണിദ്ദേഹം) പാർട്ടിയും മലപ്പുറം കുന്നുമ്മൽ പള്ളിയിൽ കേമ്പ് ചെയ്തു എതിർ പ്രചാരവേല ആരംഭിച്ചു. വളരെ ഗോപ്യമായ നിലയിലാണ് അവർ എതിർ പ്രചാരവേല നടത്തിയിരുന്നത്. സമ്മേളനദിവസം അടുത്തുവന്നതോടെ എന്തോ ഒരു പന്തികേടനുഭവപ്പെട്ടുതുടങ്ങി. പലരും യോഗസ്ഥലത്തു വന്ന് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. സമ്മേളനത്തിന്റെ തലേദിവസം ഖാൻ ബഹദൂർ ആറ്റക്കോയയും ടി.എം. മൊയ്തു സ്വാഹിബും ഒരു കാറിൽ മലപ്പുറം ഹൈസ്കൂൾ അങ്കണത്തിൽ വന്നിറങ്ങി. (അവിടെ വെച്ചായിരുന്നു സമ്മേളനം നടത്താൻ തീരുമാനിച്ചത്). അവരെ സ്വീകരിക്കാനെത്തിയ ഒരു മാസ്റ്ററോട് രണ്ടു സോഡവരുത്താനാവശ്യപ്പെട്ടു. മാസ്റ്റർ ഉടനെ ആളെ അയച്ചെങ്കിലും പോയ ആൾ വെറുംകൈയോടെയാണ് മടങ്ങിവന്നത്. 'സോഡ എവിടെ' എന്നു ചോദിച്ചപ്പോൾ വന്ന ആൾ പറഞ്ഞു: 'സോഡ പോയിട്ട് പച്ചവെള്ളം പോലും ഐക്യസംഘക്കാർക്ക് കൊടുക്കുകയില്ലെന്നാണ് പീടികക്കാർ പറയുന്നത്.' മാസ്റ്റർ ഇ.കെ.മൗലവിയോട് സ്വകാര്യമായി ഇത് പറയുകയും സംഗതി വലിയ പരാജയമായിപ്പോയല്ലോ എന്നു സങ്കടപ്പെടുകയും ചെയ്തു.

ഇ.കെ.മൗലവി, മാസ്റ്ററെ സമാധാനിപ്പിച്ചു. എന്നിട്ടു അതിഥികളോട് ഇന്ന് സോഡ കുടിക്കേണ്ട എന്നു പറഞ്ഞു. അവർ കാരണമന്വേഷിച്ചപ്പോൾ വിവരങ്ങളൊക്കെ പറഞ്ഞുകൊടുത്തു.

ഇതുകേട്ട ഉടനെ അവരിരുവരും വന്ന കാറിൽ തന്നെ ഡി.എസ്.പി.യുടെ ഓഫീസിലേക്കു പോയി. ഡി.എസ്.പി. അവരെ സ്വീകരിച്ചിരുത്തിയ ശേഷം 'എന്തുണ്ട് വിശേഷം' എന്നു ചോദിച്ചു. 'ഞങ്ങൾ സോഡ കുടിക്കാൻ വന്നതാണ്' എന്നായിരുന്നു മറുപടി. 'എന്ത്, സോഡ കുടിക്കുവാനോ' എന്നു അത്ഭുതത്തോടെ ചോദിച്ച ഡി.എസ്.പി.ക്ക് അവർ സംഗതികളൊക്കെ വിവരിച്ചുകൊടുത്തു. ഉടനെ പാങ്ങിൽക്കാരനെയും കൂട്ടുകാരെയും വിളിച്ചു കൊണ്ടുവരാൻ ഡി.എസ്.പി. ഒരു പോലീസുകാരനെ പറഞ്ഞയച്ചെങ്കിലും പോലീസുകാരൻ പള്ളിയിലെത്തുന്നതിനു മുമ്പ് അവർ തടിതപ്പിയിരുന്നു. ഹോട്ടൽകാരുടെയും ചായക്കടക്കാരുടെയും മറ്റും നിസ്സഹകരണം മണത്തറിഞ്ഞ സമ്മേളന ഭാരവാഹികൾ ഒരു മുൻകരുതലെന്നോണം സമ്മേളനത്തിന്റെ തലേദിവസം രാവിലെ തന്നെ സ്കൂളിനു മുമ്പിലുള്ള സത്രം വാങ്ങുകയും ഹോട്ടലിന്നാവശ്യമായ സാധനങ്ങളെല്ലാം വാങ്ങിക്കൊണ്ടുവരുന്നതിനായി ഒരു ലോറി കോഴിക്കോട്ടേക്കയക്കുകയും ചെയ്തിരുന്നു. സന്ധ്യക്ക് ലോറിയും സാധനങ്ങളുമെത്തി. അതിരാവിലെ ഹോട്ടലും തുടങ്ങി. അപ്പോഴാണ് തലേദിവസത്തെ നിസ്സഹകരണത്തിന്റെ ഫലം ഹോട്ടലുകാർക്കും ചായക്കടക്കാർക്കും അനുഭവപ്പെട്ടത്. അതോടെ അവർ സംഘത്തിന്റെ വിരോധികളെ പഴിക്കാനും ചീത്തപറയാനും തുടങ്ങി. നാനാഭാഗത്തുനിന്നും വന്നെത്തിയ അനേകം മുസ്‌ലിയാന്മാരും തങ്ങന്മാരുമടങ്ങിയ ജനസഹസ്രങ്ങൾ പങ്കെടുത്ത പ്രസ്തുത സമ്മേളനം ഭംഗിയായിത്തന്നെ കലാശിച്ചു. മഗ്‌രിബിന് ശേഷം ചേർന്ന പൊതുയോഗത്തിൽ ആദ്യമായി പ്രസംഗിച്ചത് മണപ്പാട് കുഞ്ഞു മുഹമ്മദ് ഹാജിയായിരുന്നു. രണ്ടുമണിക്കൂറോളം നീണ്ടുനിന്ന അദ്ദേഹത്തിന്റെ പസംഗത്തിൽ ഐക്യസംഘത്തിന്റെ ഉത്ഭവവും വളർച്ചയും വിവരിക്കുക മാത്രമല്ല, വിരോധികൾ ചമച്ചുണ്ടാക്കിയ ആരോപണങ്ങൾക്കു ചുട്ട മറുപടി കൊടുക്കുകയും ചെയ്തു. പിന്നീട് പ്രസംഗിച്ചത് കാടേരി മുഹമ്മദ് മുസ്‌ല്യാരായിരുന്നു. ഞാൻ വളരെയധികം തെറ്റിദ്ധരിച്ചു പോയിരുന്നുവെന്നും ഇപ്പോൾ എന്റെ സംശയങ്ങളെല്ലാം നീങ്ങിയെന്നും ഇന്ന് മുതൽ ഞാൻ ഈ പ്രസ്ഥാനത്തിന്റെ അനുയായിയായി തീർന്നിരിക്കുകയാണെന്നും കാടേരി തന്റെ പ്രസംഗത്തിൽ തുറന്നു പ്രഖ്യാപിച്ചു. എന്നാൽ പിന്നീട് അദ്ദേഹം ഈ ആദർശത്തിൽ തുടർന്നിരുന്നോ എന്നതിനെക്കുറിച്ച് അറിവില്ല."(48)

> ഐക്യസംഘത്തിന്റെ നിരവധി കർമപദ്ധതികൾക്ക് ധനസഹായം നൽകിയിരുന്നത് മണപ്പാടനായിരുന്നു. മുസ്‌ലിംകളുടെതായ ഒരു കോളേജ് സ്ഥാപിക്കുവാൻ 1924ൽ മുസ്‌ലിം ഐക്യസംഘം മുൻകൈ എടുത്തിരുന്നുവെങ്കിലും ആ സ്വപ്നം നിറവേറിയില്ല. മലബാർ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും മണപ്പാടൻ ചെയ്ത സേവനങ്ങൾ അനവധിയാണ്. 1948ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യ മുസ്‌ലിം കോളേജായ ഫാറൂഖ് കോളേജിന്റെ നിലനിൽപ്പ് പ്രതിസന്ധിയിലായ ഒരു നിർണായകഘട്ടത്തിൽ അന്ന് ഒരു ലക്ഷം രൂപ വില വരുന്ന തന്റെ 111 ഏക്കർ 6 സെന്റ് ഭൂമി മണപ്പാടൻ ദാനം നൽകുകയുണ്ടായി.

അതേക്കുറിച്ച് ഇ.കെ.മൗലവി പറയുന്നത് ഇപ്രകാരമാണ്: "പിന്നീട് അദ്ദേഹത്തിന്റെ നില എന്തായിരുന്നുവെന്ന് തീർത്തു പറയാൻ നിവൃത്തിയില്ല. ജനക്കൂട്ടത്തിനിടയിൽ വെച്ചു തെറ്റു സമ്മതിക്കുകയും അനന്തരം മൂഷിക സ്ത്രീ പിന്നെയും മൂഷികസ്ത്രീയായി മാറുകയും ചെയ്യൽ പതിവായിരുന്നു. ഇതിനു പല ഉദാഹരണങ്ങളുമുണ്ട്. ഒന്ന് പാങ്ങിൽ അഹമ്മദ് കുട്ടി മുസ്‌ല്യാർ തന്നെ. കോഴിക്കോട്ടു നടന്ന യോഗത്തിൽ വെച്ച് അദ്ദേഹം ഐക്യസംഘത്തിന്റെ ദീർഘായുസ്സിനു വേണ്ടി പ്രാർഥിച്ചു. മലപ്പുറത്ത് എത്തിയപ്പോൾ യോഗം കലക്കാനുള്ള നേതൃത്വവും ഏറ്റെടുത്തു.

രണ്ടാമത്തെ ഉദാഹരണം പറവണ്ണയാണ്. തിരൂരിൽവെച്ചു നടന്ന യോഗത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. മാത്രമല്ല, വിഷയ നിർണയ കമ്മിറ്റി കൂടിയ അവസരത്തിൽ അദ്ദേഹത്തിന്റെ ഒരു ചെറിയ കുട്ടി മരിച്ചുവെന്നു പറഞ്ഞുകൊണ്ട് ഒരാൾ വന്നു. 'ഇപ്പോൾ

ഞാൻ വന്നതുകൊണ്ട് മരിച്ച കുട്ടി ജീവിക്കില്ലല്ലോ. കുട്ടിയെ നിങ്ങൾ തന്നെ ഖബറടക്കിക്കൊള്ളുക. ഞാൻ ഇപ്പോൾ അതിലും വലിയ കാര്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ് എന്നു പറഞ്ഞു അയാളെ അദ്ദേഹം മടക്കി അയച്ചു. പിന്നീട് പറവണ്ണയുടെ സ്ഥിതി എന്തായിരുന്നുവെന്ന് പരക്കെ അറിവുള്ളതാണ്. തൽക്കാലം ഉണ്ടായിരുന്ന പണത്തിന്റെ തിടുക്കം തീർന്നപ്പോൾ അദ്ദേഹത്തിന്റെ സ്ഥിതിക്കും മാറ്റം വന്നു."[49]

ഈ സമ്മേളനത്തിൽ വെച്ച് അഖില കേരളാടിസ്ഥാനത്തിൽ മുസ്‌ലിം സർവീസ് ലീഗ് ആരംഭിക്കണമെന്ന ആശയം സെഷൻസ് ജഡ്ജ് ഖാൻ ബഹാദൂർ സൈനുദ്ദീൻ സാഹിബ് മുന്നോട്ടുവച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഐക്യ സംഘത്തിനെതിരെ നടന്ന സാമൂഹ്യബഹിഷ്കരണം ഒടുവിൽ പിൻവലിക്കപ്പെട്ടു. ഒമ്പതാം സമ്മേളനത്തോടെ ഐക്യസംഘത്തിന് മലബാർ മേഖലയിൽ കൂടുതൽ സ്വീകാര്യത നേടാൻ സാധിച്ചു.

മലപ്പുറം സമ്മേളനത്തിനുശേഷം വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന ആ മേഖലയിൽ കൂടുതൽ വി



ദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവരേണ്ടതുണ്ട് എന്ന താല്പര്യം ഐക്യസംഘം നേതാക്കളിലുണ്ടായി. ഉയർന്ന നിലവാരമുള്ള സ്കൂളുകൾ തന്നെയായിരിക്കണം അവയെന്ന് മണപ്പാട് കുഞ്ഞഹമ്മദ് ഹാജി ആഗ്രഹിച്ചു. ഊട്ടിയിലെ ലവ്ഡേൽ സ്കൂൾ പോലെ ഒരു സ്കൂൾ ഏറനാട്ടിൽ മുസ്‌ലിംകൾക്കുവേണ്ടി തുടങ്ങണമെന്നത് മണപ്പാടന്റെ ഒരു സ്വപ്നമായിരുന്നു. മലപ്പുറത്ത് സിക്കന്തർ സാഹിബ് ഹെഡ്മാസ്റ്ററായി ഒരു ബോർഡിംഗ് സ്കൂൾ ആരംഭിച്ചപ്പോൾ മറ്റുള്ളവർക്ക് പ്രചോദനമാകുവാനായി തന്റെ മൂന്ന് ആൺകുട്ടികളെയും സഹോദരൻ കൊച്ചു മൊയ്തീൻ ഹാജിയുടെ മൂത്തമകനെയും ബോർഡിംഗ് സ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ മണപ്പാടൻ തയ്യാറായി. മലബാറിന്റെ നാനാഭാഗത്തുനിന്നും അവിടെ എത്തിയ വിദ്യാർഥികൾ പലരും പിന്നീട് പ്രഗത്ഭരായി.

ഐക്യസംഘത്തിന്റെ നിരവധി കർമപദ്ധതികൾക്ക് ധനസഹായം നൽകിയിരുന്നത് മണപ്പാടനായിരുന്നു. മുസ്‌ലിംകളുടെതായ ഒരു കോളേജ് സ്ഥാപിക്കുവാൻ 1924ൽ മുസ്‌ലിം ഐക്യസംഘം മുൻകൈ എടുത്തിരുന്നുവെങ്കിലും ആ സ്വപ്നം നിറവേറിയില്ല. മലബാർ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും മണപ്പാടൻ ചെയ്ത സേവനങ്ങൾ അനവധിയാണ്. 1948ൽ സ്ഥാപിതമായ കേരളത്തിലെ ആദ്യ മുസ്‌ലിം കോളേജായ ഫാറൂഖ് കോളേജിന്റെ നിലനിൽപ്പ് പ്രതിസന്ധിയിലായ ഒരു നിർണായകഘട്ടത്തിൽ അന്ന് ഒരു ലക്ഷം രൂപ വില വരുന്ന തന്റെ 111 ഏക്കർ 6 സെന്റ് ഭൂമി മണപ്പാടൻ ദാനം നൽകുകയുണ്ടായി. 1952ൽ നായർ സർവീസ് സൊസൈറ്റിയുടെ ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിനും 1953ൽ എസ്.എൻ.ഡി.പിയുടെ കൊല്ലം എസ്.എൻ. കോളേജിനും 1955ൽ കാലടി ശങ്കര കോളേജിനും 25 ഏക്കർവീതം ഭൂമി അദ്ദേഹം നൽകി. ഫാറൂഖ് റൗദത്തുൽ ഉലൂം, പുളിക്കൽ മദീനത്തുൽ ഉലൂം എന്നീ അറബിക്കോളേജുകൾക്ക് 30 ഏക്കർ വീതവും, അരീക്കോട് സുല്ലമസ്സലാം അറബിക്കോളേജിന് 11 ഏക്കറും, വടുതല നദ്‌വത്തുൽ മുജാഹിദീൻ മദ്റസക്ക് 5 ഏക്കറും, മഞ്ചേരി മേലാക്കം മദ്റസക്ക് 10 ഏക്കറും ആദ്ദേഹം ദാനമായിനൽകി.


*അവലംബം:*

*47. കേരള മുസ്‌ലിം ഐക്യസംഘം - ഇ.കെ.മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം. സമാഹരണം: അബ്ദുറഹ്മാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 41,42.*

*48. ഐക്യസംഘവും കേരള മുസ്‌ലിംകളും, എൻ.കെ. അഹ്മദ് മൗലവി, യുവത ബുക്ക് ഹൗസ്, പേജ് 48,49,50.*

*49. കേരള മുസ്‌ലിം ഐക്യസംഘം ഇ.കെ. മൗലവിയുടെ ലേഖനങ്ങളുടെ സമാഹാരം. സമാഹരണം:: അബ്ദുറഹമാൻ മങ്ങാട്, യുവത ബുക്ക് ഹൗസ്, പേജ് 44, 45*




# മക്കയിലെ പൂങ്കുയിൽ

*രീതി: പേർഷ്യയിലേക്കെന്നുരത്ത്....*

മക്കയിൽ പിറന്ന മുത്ത്, ഹബ്ശയിൽ വേരുള്ള സ്വത്ത്
മുഷ്കനുമയ്യ തൻ അടിമയായ് കഴിയുന്ന കാലത്ത് -കേട്ടു
മുത്ത് നബി പുതു ദീനുമായ് വന്നെന്നു ബക്കത്ത്.

അന്നു ബിലാൽ ആശവെച്ചു, ചെന്നു കാണാനായ് ശ്രമിച്ചു
അത്തിരു ദൂതന്റെ മുമ്പിൽ എത്തി യാചിച്ചു-വേഗം
അഹദിൻ മതമത് നുകരുവാൻ വഴിയെന്ത്, ചോദിച്ചു.

കാപ്പിരിയായുള്ള ബിലാൽ, അടിമയായ് കഴിഞ്ഞിടും ഹാൽ
കടുത്ത പട്ടിണി മർദനത്താൽ ശുഷ്കമായ ഉടൽ-കണ്ട്
കവിളിലൊന്നു തലോടി ചേർത്തു പിടിക്കലായി റസൂൽ.

കലിമ ചൊല്ലി മടങ്ങി പൂമാൻ, കരളിലാകെ നിറഞ്ഞു ഈമാൻ
ഖൽബു തയ്യാറാണു ദുരിതക്കടലതു താണ്ടാൻ-റബ്ബിൻ
കാവൽ അതിലാണാകെയാശ ദീൻവഴി നീങ്ങാൻ.

കാര്യം യജമാനൻ അറിഞ്ഞു, മാനം പോയി എന്നുരഞ്ഞു
കൊന്നുകളയാമെന്ന ചിന്തയതുള്ളിലായ് നിറഞ്ഞു-സ്വന്തം
കൂട്ടുകാരുടെ പ്രീതി നേടാനായ് വഴി തിരഞ്ഞു.

ചുട്ടുപൊള്ളും മണലിലന്ന്, നഗ്നനായ് കിടത്തിടുന്നു
ചങ്കിൽ കയറും കെട്ടി നെഞ്ചിൽ കല്ലു വെച്ചിടുന്നു-പിന്നെ
ചെക്കൻമാർക്കു കളിച്ചിടാനായ് വിട്ടുനൽകുന്നു

മർദനം നിറുത്തിടേണോ, ലാത്തയെ വിളിച്ചിടേണം
മുഹമ്മദിൻ പുതു ദീനിനെ നീ വിട്ടുകളയേണം-എന്ന്
മൃഗമവൻ ഉമയ്യ ശാസന നൽകി, അറിയേണം.

ഇല്ല എനിക്കതിനാവുകില്ല, ഞാൻ വിളിച്ചു തേടുകില്ല
ഇനിയൊരിക്കലും അഹദിനോടല്ലാതെ ദുആയില്ല-ഉള്ളിൽ
ഇസ്സത്തോടെ ബിലാല് വേദനയേൽക്കവെ ചൊല്ലി.

# സൂറ: യാസീൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 36

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

لَا الشَّمْسُ يَنبَغِي لَهَا أَن تُدْرِكَ
الْقَمَرَ وَلَا اللَّيْلُ سَابِقُ النَّهَارِ ۚ وَكُلٌّ
فِي فَلَكٍ يَسْبَحُونَ ﴿٤٠﴾ وَآيَةٌ لَّهُمْ أَنَّا
حَمَلْنَا ذُرِّيَّتَهُمْ فِي الْفُلْكِ الْمَشْحُونِ ﴿٤١﴾
وَخَلَقْنَا لَهُم مِّن مِّثْلِهِ مَا يَرْكَبُونَ ﴿٤٢﴾
وَإِن نَّشَأْ نُغْرِقْهُمْ فَلَا صَرِيخَ لَهُمْ وَلَا
هُمْ يُنقَذُونَ ﴿٤٣﴾ إِلَّا رَحْمَةً مِّنَّا وَمَتَاعًا
إِلَىٰ حِينٍ ﴿٤٤﴾ وَإِذَا قِيلَ لَهُمُ اتَّقُوا مَا
بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ لَعَلَّكُمْ
تُرْحَمُونَ ﴿٤٥﴾ وَمَا تَأْتِيهِم مِّنْ آيَةٍ مِّنْ
آيَاتِ رَبِّهِمْ إِلَّا كَانُوا عَنْهَا مُعْرِضِينَ
﴿٤٦﴾ وَإِذَا قِيلَ لَهُمْ أَنفِقُوا مِمَّا رَزَقَكُمُ
اللَّهُ قَالَ الَّذِينَ كَفَرُوا لِلَّذِينَ آمَنُوا
أَنُطْعِمُ مَن لَّوْ يَشَاءُ اللَّهُ أَطْعَمَهُ إِنْ
أَنتُمْ إِلَّا فِي ضَلَالٍ مُّبِينٍ ﴿٤٧﴾ وَيَقُولُونَ
مَتَىٰ هَٰذَا الْوَعْدُ إِن كُنتُمْ صَادِقِينَ ﴿٤٨﴾
مَا يَنظُرُونَ إِلَّا صَيْحَةً وَاحِدَةً تَأْخُذُهُمْ
وَهُمْ يَخِصِّمُونَ ﴿٤٩﴾ فَلَا يَسْتَطِيعُونَ
تَوْصِيَةً وَلَا إِلَىٰ أَهْلِهِمْ يَرْجِعُونَ ﴿٥٠﴾ وَنُفِخَ
فِي الصُّورِ فَإِذَا هُم مِّنَ الْأَجْدَاثِ إِلَىٰ
رَبِّهِمْ يَنسِلُونَ ﴿٥١﴾

40. സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ (നിശ്ചിത) ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു.
41. അവരുടെ സന്തതികളെ ഭാരം നിറച്ച കപ്പലിൽ നാം കയറ്റിക്കൊണ്ട് പോയതും അവർക്കൊരു ദൃഷ്ടാന്തമാകുന്നു.
42. അതുപോലെ അവർക്ക് വാഹനമായി ഉപയോഗിക്കാവുന്ന മറ്റു വസ്തുക്കളും അവർക്കു വേണ്ടി നാം സൃഷ്ടിച്ചിട്ടുണ്ട്.
43. നാം ഉദ്ദേശിക്കുന്നപക്ഷം നാം അവരെ മുക്കിക്കളയുന്നതാണ്. അപ്പോൾ അവർക്കൊരു സഹായിയും ഉണ്ടായിരിക്കുന്നതല്ല. അവർ രക്ഷിക്കപ്പെടുന്നതുമല്ല.
44. നമ്മുടെ പക്കൽനിന്നുള്ള കാരുണ്യവും ഒരു നിശ്ചിതകാലം വരെയുള്ള സുഖാനുഭവവും ആയിക്കൊണ്ട് (നാം അവർക്ക് നൽകുന്നത്) അല്ലാതെ.
45. നിങ്ങളുടെ മുമ്പിൽ വരാനിരിക്കുന്നതും നിങ്ങളുടെ പിന്നിൽ കഴിഞ്ഞതുമായ ശിക്ഷയെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം എന്ന് അവരോട് പറയപ്പെട്ടാൽ (അവരത് അവഗണിക്കുന്നു).
46. അവരുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ഏതൊരു ദൃഷ്ടാന്തം അവർക്ക് വന്നെത്തിയാലും അവർ അതിൽനിന്ന് തിരിഞ്ഞുകളയാതിരിക്കുന്നില്ല.
47. നിങ്ങൾക്ക് അല്ലാഹു നൽകിയതിൽനിന്ന് നിങ്ങൾ ചെലവഴിക്കൂ എന്ന് അവരോട് പറയപ്പെട്ടാൽ അവിശ്വാസികൾ വിശ്വാസികളോട് പറയും: 'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ തന്നെ ഭക്ഷണം നൽകുമായിരുന്ന ആളുകൾക്ക് ഞങ്ങൾ ഭക്ഷണം നൽകുകയോ? നിങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയാകുന്നു.'
48. അവർ ചോദിക്കുന്നു: 'നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഈ വാഗ്ദത്തം എപ്പോഴാണ് പുലരുക?'
49. ഒരൊറ്റ ഘോരശബ്ദം മാത്രമാണ് അവർ കാത്തിരിക്കുന്നത്. അവർ അന്യോന്യം തർക്കിച്ചുകൊണ്ടിരിക്കെ അതവരെ പിടികൂടും.
50. അപ്പോൾ യാതൊരു വസ്വിയ്യത്തും നൽകാൻ അവർക്ക് സാധിക്കുകയില്ല. അവർക്ക് അവരുടെ കുടുംബത്തിലേക്ക് മടങ്ങാനും ആകുകയില്ല.
51. കാഹളത്തിൽ ഊതപ്പെടും. അപ്പോൾ അവർ ക്വബ്റുകളിൽ നിന്ന് അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ച് ചെല്ലും.

52. അവർ പറയും: നമ്മുടെ നാശമേ! നമ്മുടെ ഉറക്കത്തിൽ നിന്ന് നമ്മെ എഴുന്നേൽപിച്ചതാരാണ്? ഇത് പരമകാരുണികൻ വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതൻമാർ സത്യം തന്നെയാണ് പറഞ്ഞത്.

قَالُوا يَا وَيْلَنَا مَن بَعَثَنَا مِن مَّرْقَدِنَا ۜ هَٰذَا مَا وَعَدَ الرَّحْمَٰنُ وَصَدَقَ الْمُرْسَلُونَ ﴿٥٢﴾

40. സൂര്യനും ചന്ദ്രനും രാവിനും പകലിനും ഓരോന്നിനും അല്ലാഹു ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. അതിനെ അവ മറികടക്കില്ല. ഓരോന്നിനും ഒരു സമയവും അധികാര പരിധിയുമുണ്ട്. ഒന്നുണ്ടാകുമ്പോൾ മറ്റൊന്ന് അപ്രത്യക്ഷമാകുന്നു. (സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല) അതായത്, അത് പ്രബലമാകുന്ന സമയത്ത് രാത്രി. അതിനാൽ രാത്രിയിൽ സൂര്യനെ കാണുകയില്ല. (രാവ് പകലിനെ മറികടക്കുന്നതുമല്ല) അതിന്റെ സമയം അവസാനിക്കും മുമ്പ് മറ്റേതിന് കടന്നുവരാനാകില്ല. (അവയെല്ലാം) സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം. (ഓരോന്നും ഓരോ ഭ്രമണപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു) അത് ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സ്രഷ്ടാവിന്റെ മഹത്വത്തിനും വിശേഷണങ്ങൾക്കും ഏറ്റവും പ്രത്യക്ഷമായ തെളിവുകളാണിവയെല്ലാം. പ്രത്യേകിച്ചും ഈ സന്ദർഭത്തിൽ അവന്റെ ശക്തി, ജ്ഞാനം, അറിവ് എന്നിവയ്ക്കുള്ള തെളിവ്.

41. അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ എന്നതിനുള്ള തെളിവ് ഇതിൽ അവർക്കുണ്ട്. കാരണം അവൻ അനുഗ്രഹങ്ങളെ നൽകുകയും വിപത്തുകളെ അകറ്റുകയും ചെയ്യുന്നു. അവന്റെ അനുഗ്രഹങ്ങളിലൊന്ന് (അവരുടെ സന്തതികളെ ഭാരം നിറച്ച കപ്പലിൽ നാം കയറ്റിക്കൊണ്ടുപോയതും). അധിക ക്വുർആൻ വ്യാഖ്യാതാക്കളും പറഞ്ഞത്, 'അവർ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അവരുടെ പിതാക്കളാണെന്നാണ്.

42. (അവർക്കുവേണ്ടി നാം സൃഷ്ടിച്ചിട്ടുണ്ട്) അവർക്കുശേഷം വന്നവർക്കുവേണ്ടി. (അതുപോലെയുള്ളത്) ആ കപ്പൽ പോലെയുള്ളത്. അതായത് അതേ ഇനത്തിൽ പെട്ടത്. (അവർക്ക് വാഹനമായി ഉപയോഗിക്കാവുന്ന) കപ്പലിൽ അവരെ വഹിപ്പിച്ചു എന്നത് അവരുടെ പിതാക്കൾക്ക് ചെയ്തുകൊടുത്ത അനുഗ്രഹമായി പറയുന്നു. അവർക്കുള്ള അനുഗ്രഹം സന്താനങ്ങൾക്കുള്ള അനുഗ്രഹം കൂടിയാണ്.

വ്യാഖ്യാനിക്കുന്നതിൽ എനിക്ക് അവ്യക്തതയുള്ള ഒരു സ്ഥലമാണിത്. ഇവിടെ 'സന്താനങ്ങൾ' എന്നതിന് അധിക ക്വുർആൻ വ്യാഖ്യാതാക്കളും നൽകിയത് 'പിതാക്കൾ' എന്നാണ്. പിതാക്കളെക്കുറിച്ച് പറയാൻ സന്താനങ്ങൾ (ദുർരിയ്യത്ത്) എന്ന പദത്തിന് ക്വുർആൻ വ്യാഖ്യാതാക്കൾ വ്യത്യസ്ത അർഥങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും 'വർഗം' എന്ന അർഥം കൊടുക്കലാണ് കൂടുതൽ വ്യക്തത ലഭിക്കുന്നതും ഏറ്റവും നല്ലതും. അവരെല്ലാവരും ആദമിന്റെ സന്തതികളാണല്ലോ. അതുപോലെ അവർക്ക് വാഹനമായി ഉപയോഗിക്കാവുന്ന മറ്റു വസ്തുക്കളും അവർക്കുവേണ്ടി നാം സൃഷ്ടിച്ചിട്ടുണ്ട്. അഥവാ ആ കപ്പലിനെ പോലെ സൃഷ്ടിച്ചു എന്ന് ഉദ്ദേശ്യം. അതായത്, ഇവർക്ക് കയറാൻ വ്യത്യസ്തമായ കപ്പലുകൾ. അങ്ങനെ വരുമ്പോൾ അത് ആശയ ആവർത്തനമാകും. അതാകട്ടെ, ക്വുർആനിന്റെ സാഹിത്യ ശൈലിയോട് യോജിക്കുന്നതല്ല. ഇനി ഉദ്ദേശ്യം, അതുപോലെ അവർക്ക് വാഹനമായി ഉപയോഗിക്കാൻ മറ്റു വസ്തുക്കളും അവർക്കുവേണ്ടി ഞാൻ സൃഷ്ടിച്ചിട്ടുണ്ട്; കരയിലെ കപ്പലായ ഒട്ടകം പോലെ എന്നാണെങ്കിൽ അപ്പോൾ അർഥം ശരിയായി. അതല്ലെങ്കിൽ ആശയക്കുഴപ്പം അവിടെ ശേഷിക്കും..

43. മുക്കിക്കളയാൻ കഴിഞ്ഞിട്ടും അല്ലാഹു അവരെ രക്ഷപ്പെടുത്തിയ അനുഗ്രഹം അവരെ ഓർമപ്പെടുത്തുന്നു: (നാം ഉദ്ദേശിക്കുന്നപക്ഷം നാം അവരെ മുക്കിക്കളയുന്നതാണ്. അപ്പോൾ അവർക്കൊരു സഹായിയും ഉണ്ടായിരിക്കുന്നതല്ല) അതായത്, ദുരിതത്തിൽ അവരെ സഹായിക്കാനോ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനോ അവരുടെ പ്രയാസങ്ങളിൽനിന്ന് അവരെ രക്ഷിക്കാനോ ആരും ഉണ്ടാകില്ല. അവർ അകപ്പെട്ടതിൽ നിന്ന് (അവർ രക്ഷിക്കപ്പെടുന്നതുമല്ല).

44. (നമ്മുടെ പക്കൽനിന്നുള്ള കാരുണ്യവും ഒരു നിശ്ചിത കാലം വരെയുള്ള സുഖാനുഭവവും ആയിക്കൊണ്ടല്ലാതെ). ഒരു നിശ്ചിത അവധിവരെയുള്ള സുഖാനുഭവം ആയിക്കൊണ്ടും അവരോടുള്ള ദയ കൊണ്ടും അവൻ അവരെ മുക്കി നശിപ്പിച്ചില്ല. അവർ അല്ലാഹുവിലേക്ക് മടങ്ങുകയോ വീഴ്ച മനസ്സിലാക്കുകയോ ചെയ്തേക്കാം.

45. (നിങ്ങളുടെ മുമ്പിൽ വരാനിരിക്കുന്നതും നിങ്ങളുടെ പിന്നിൽ കഴിഞ്ഞതുമായ ശിക്ഷയെ നിങ്ങൾ സൂക്ഷിക്കുക എന്ന് അവരോട് പറയപ്പെട്ടാൽ) ക്വബ്റിലും ക്വിയാമത്ത് നാളിലും ദുൻയാവിലും വന്നേക്കാവുന്ന അവസ്ഥകൾ. (നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം) അവർ അതൊന്നും

ശ്രദ്ധിച്ചില്ല. എല്ലാ ദൃഷ്ടാന്തങ്ങളും അവർക്ക് വന്നിട്ടും അതിൽനിന്നും അവർ പിന്തിരിഞ്ഞു.

46. അതാണ് അല്ലാഹു പറഞ്ഞത്: (അവരുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട ഏതൊരു ദൃഷ്ടാന്തം അവർക്ക് വന്നെത്തിയാലും അവർ അതിൽനിന്ന് പിന്തിരിഞ്ഞുകളയാതിരിക്കില്ല).

ഇവിടെ ദൃഷ്ടാന്തങ്ങളെ അല്ലാഹുവിലേക്കു ചേർത്താണ് പറയുന്നത് എന്നത് അതിന്റെ പൂർണതയെയും വ്യക്തതയെയും സൂചിപ്പിക്കുന്നു. അവ പൂർണവും വ്യക്തവുമാണ്. അല്ലാഹു തന്റെ ദാസന്മാർക്ക് നൽകുന്ന മാർഗനിർദേശങ്ങളുടെ ഭാഗമാണത്; അവർക്ക് ഇഹപര നേട്ടത്തിനുതകുന്ന കാര്യങ്ങൾ പഠിക്കാൻ കഴിയുന്ന ദൃഷ്ടാന്തങ്ങൾ അവരിലേക്ക് എത്തിക്കുക എന്നത്.

47. (നിങ്ങൾക്ക് അല്ലാഹു നൽകിയതിൽനിന്ന് നിങ്ങൾ ചെലവഴിക്കൂ എന്ന് അവരോട് പറയപ്പെട്ടാൽ) നിങ്ങൾക്ക് അനുഗ്രഹമായി നൽകിയ ഉപജീനത്തിൽ നിന്ന്. അവനുദ്ദേശിക്കുന്ന പക്ഷം അത് അവൻ നിങ്ങളിൽനിന്ന് എടുത്തുകളയുന്നതാണ്. (അവിശ്വാസികൾ വിശ്വാസികളോട് പറയും) സത്യത്തെ അവഗണിച്ചുകൊണ്ട് അല്ലാഹുവിന്റെ ഉദ്ദേശ്യം എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള വാദം അവർ ഉന്നയിക്കും. (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻതന്നെ ഭക്ഷണം നൽകുമായിരുന്ന ആളുകൾക്ക് ഞങ്ങൾ ഭക്ഷണം നൽകുകയോ?) സത്യവിശ്വാസികളേ, അത് ചെയ്യാൻ നിങ്ങൾ ഞങ്ങളോട് കൽപിച്ചപ്പോൾ. (നിങ്ങൾ വ്യക്തമായ വഴികേടിൽ തന്നെയാകുന്നു) ഇത് അവരുടെ വലിയ അജ്ഞതയെ സൂചിപ്പിക്കുന്നു. ഇത് മോശമായ അജ്ഞത നടിക്കലാണ്. അല്ലാഹുവിന്റെ ഉദ്ദേശ്യം എന്നത് പാപം ചെയ്യുന്നവനുള്ള തെളിവല്ല. അല്ലാഹു ഉദ്ദേശിക്കുന്നത് സംഭവിക്കും. അല്ലാത്തത് സംഭവിക്കുന്നില്ല. നന്മ പ്രവർത്തിക്കാനും തിന്മ വെടിയാനുമുള്ള കഴിവ് അല്ലാഹു തന്റെ ദാസന്മാർക്ക് നൽകി. കൽപിക്കപ്പെട്ട ഒരു കാര്യം അവരുപേക്ഷിക്കുന്നത് അവരുടെ സ്വാതന്ത്ര്യമാണ്. നിർബന്ധമോ അടിച്ചേൽപിക്കലോ അല്ല.

(48,49). ധൃതിയിലും നിഷേധത്തിലുമായി (അവർ പറയുന്നു). (നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഈ വാഗ്ദത്തം എപ്പോഴാണ് പുലരുക?) അല്ലാഹു പറയുന്നു: ഇത് സംഭവിക്കില്ലെന്ന് നിങ്ങൾ വിചാരിക്കരുത്. കാരണം, അത് അടുത്തു തന്നെയുണ്ട്. (ഒരൊറ്റ ഘോരശബ്ദം മാത്രമാണ് അവർ കാത്തിരിക്കുന്നത്) അത് കാഹളത്തിലെ ഊത്താണ്. (അതവരെ പിടികൂടും) അതായത് (അവർ അന്യോന്യം തർക്കിച്ചുകൊണ്ടിരിക്കെ) അവരെ അത് ബാധിക്കും.

അവർ അതിനെ കുറിച്ച് അശ്രദ്ധരാകുമ്പോൾ തർക്കിക്കുന്ന സന്ദർഭത്തിൽ അവർ അതിനെ കുറിച്ച് ചിന്തിക്കില്ല. അത് സംഭവിക്കുന്നത് അവർ അശ്രദ്ധരായിരിക്കുമ്പോഴാണ്.

(50). അശ്രദ്ധയുടെ സമയത്ത് അവർക്ക് ശിക്ഷ വന്നാൽ അവർക്ക് സാവകാശമോ അവധിയോ ലഭിക്കില്ല. (അപ്പോൾ യാതൊരു വസിയത്തും നൽകാൻ അവർക്ക് സാധിക്കില്ല) അതായത്, കുറച്ചോ അധികമോ. അവർക്ക് അവരുടെ കുടുംബങ്ങളിലേക്ക് മടങ്ങാനും കഴിയില്ല).

(51). ആദ്യത്തെ ഊത്ത്; അത് ഭയത്തിന്റെയും മരണത്തിന്റെയുമാണ്. ഇവിടെ പരാമർശിച്ചിരിക്കുന്ന കാഹളനാദം ഉയിർത്തെഴുന്നേല്പിന്റെ കാഹളമാണ്. കാഹളനാദം മുഴങ്ങുമ്പോൾ അവർ തങ്ങളുടെ ക്വബ്റുകളിൽനിന്ന് പുറത്തുവന്ന് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് തിടുക്കത്തിൽ ഓടിക്കൊണ്ടിരിക്കും. അവർക്ക് വൈകാനോ സാവകാശം കാണിക്കാനോ കഴിയില്ല.

(52). അന്നേരം കളവാക്കിയവർ ദുഃഖിതരാകും. അവർ ഖേദം പ്രകടിപ്പിച്ചുകൊണ്ടിരിക്കും. (നമ്മുടെ നാശമേ, നമ്മുടെ ഉറക്കത്തിൽ നിന്നും നമ്മെ എഴുന്നേൽപിച്ചതാരാണ്?) അതായത് ക്വബ്റിലെ ഉറക്കത്തിൽനിന്ന് ആരാണ് നമ്മളെ എഴുന്നേൽപിച്ചത്? ചില ഹദീസുകളിൽ വന്നത് കാഹളത്തിൽ ഊതുന്നതിന് തൊട്ടു മുമ്പ് ക്വബ്റാളികൾ ഉറങ്ങുമെന്നാണ്. അപ്പോൾ ഉത്തരമായി അവരോട് പറയപ്പെടും: (ഇത് പരമകാരുണികൻ വാഗ്ദാനം ചെയ്തതാണല്ലോ. ദൈവദൂതന്മാർ സത്യം തന്നെയാണ് പറഞ്ഞത്).

ഇതാണ് അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്തതും ദൂതന്മാർ വാഗ്ദാനം ചെയ്തതും. അവർ പറഞ്ഞത് സത്യമായിത്തീർന്നു. നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണാൻ കഴിയുന്ന പോലെ സത്യമായി. ഇവിടെ (അർറഹ്മാൻ -പരമകാരുണികൻ) എന്ന് പ്രയോഗിച്ചത് കേവലം, അല്ലാഹുവാണ് പറയുന്നത് എന്ന്അറിയിക്കാൻ മാത്രമല്ല. ആ മഹത്തായ ദിനത്തിൽ നമ്മുടെ ധാരണകൾ തിരുത്തും വിധം അവന്റെ കാരുണ്യം അവർ കാണും.

ٱلْمُلْكُ يَوْمَئِذٍ ٱلْحَقُّ لِلرَّحْمَٰنِ

“അന്നേദിവസം യഥാർഥ ആധിപത്യം പരമകാരുണികനായിരിക്കും’’(25:26).

وَخَشَعَتِ ٱلْأَصْوَاتُ لِلرَّحْمَٰنِ

“എല്ലാ ശബ്ദങ്ങളും പരമകാരുണികന് കീഴൊതുങ്ങുന്നതാണ്’’(20:108).

ഇവിടെയെല്ലാം ‘അർറഹ്മാൻ’ എന്നാണ് പ്രയോഗിച്ചിട്ടുള്ളത്.

വിവ. അബ്ദുൽ ജബ്ബാർ മദീനി

“നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതുവരെ മഗ്‌രിബ് നമസ്കാരത്തെ വൈകിപ്പിക്കാത്ത കാലമത്രയും എന്റെ ഉമ്മത്ത് നന്മയിലായിരിക്കും-അല്ലെങ്കിൽ ശുദ്ധപ്രകൃതിയിലായിരിക്കും.” എന്നാൽ ഹജ്ജിന് ഇഹ്റാമിൽ പ്രവേശിച്ചവന് മുസ്ദലിഫയുടെ രാത്രി മഗ്‌രിബും ഇശാഉം പിന്തിപ്പിച്ചു ജംആക്കി (ഒന്നിപ്പിച്ചു) നമസ്കരിക്കുവാൻ മഗ്‌രിബ് നമസ്കാരത്തെ പിന്തിപ്പിക്കലാണ് സുന്നത്ത്.

# നമസ്കാര സമയങ്ങൾ

രാവിലും പകലിലുമായി ഒരു ദിവസം നിർബന്ധമാക്കപ്പെട്ട നമസ്കാരങ്ങൾ അഞ്ചാകുന്നു. അതിൽ ഓരോ നമസ്കാരത്തിനും ഇസ്‌ലാം നിർണയിച്ച നിർണിത സമയമുണ്ട്. അല്ലാഹു പറഞ്ഞു:

“തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു” (ക്വുർആൻ 4:103). ‘കിതാബൻ മൗക്വൂതൻ’ എന്നാൽ നിർണിതമായ സമയങ്ങളിൽ നിർബന്ധമാക്കപ്പെട്ടത് എന്നാണ്. അതിനാൽ സമയമാകുന്നതിനുമുമ്പ് നമസ്കാരം അനുവദനീയമാവുകയില്ല.

നമസ്കാര സമയങ്ങളുടെ വിഷയത്തിൽ അടിസ്ഥാനം ഇബ്നുഉമറി(റ)ൽനിന്നുള്ള ഒരു ഹദീസാണ്. തിരുനബി(സ്വ) പറഞ്ഞു:

“ദ്വുഹ്റിന്റെ സമയം സൂര്യൻ മധ്യത്തിൽനിന്ന് തെറ്റിയതുമുതൽ ഒരാളുടെ നിഴൽ അയാളുടെ നീളത്തോളമാകുന്നതുവരെയാണ്; അസ്വ്റിന്റെ സമയം ആസന്നമാകാത്തിടത്തോളം മാത്രം. അസ്വ്റിന്റെ സമയമാക



ഇബ്റാദിലേക്ക് അഥവാ അസ്വ്ർ നമസ്കാരത്തോടടുത്ത സമയത്തേക്ക് പിന്തിപ്പിക്കൽ സുന്നത്താണ്. അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു:

"ചൂട് കഠിനമായാൽ നിങ്ങൾ (ദ്വുഹ്റിനെ) അസ്വ്ർ നമസ്കാരത്തോടടുത്ത സമയത്തേക്ക് പിന്തിപ്പിക്കുക. കാരണ അത്യുഷ്ണം നരകക്കാറ്റാകുന്നു."

അസ്വ്റിന്റെ സമയം ദ്വുഹ്റിന്റെ അവസാന സമയം മുതൽ, അഥവാ ഓരോ വസ്തുവിന്റെയും നിഴൽ അതിനോളമായതുമുതൽ ആരംഭിക്കും. സൂര്യൻ മഞ്ഞവർണം പ്രാപിക്കുന്നതുവരെയാണ് അസ്വ്ർ നമസ്കരിക്കുവാനുള്ള ഉത്തമസമയം. എന്നാൽ നമസ്കരിക്കേണ്ടതായ നിർബന്ധസമയം സൂര്യൻ അസ്തമിക്കുന്നതോടെ അവസാനിക്കുകയും ചെയ്യും. അസ്വ്റിനെ അതിന്റെ ആദ്യസമയത്തുതന്നെ നിർവഹിക്കൽ സുന്നത്താണ്. വിശുദ്ധ ക്വുർആനിൽ അല്ലാഹു പ്രഖ്യാപിച്ച 'അസ്സ്വലാത്തുൽ വുസ്ത്വാ' അസ്വ്ർ നമസ്കാരമാകുന്നു. അല്ലാഹു പറഞ്ഞു:

"നമസ്കാരങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചുപോരേണ്ടതാണ്. പ്രത്യേകിച്ചും അസ്സ്വലാത്തുൽവുസ്ത്വാ (ഉൽകൃഷ്ടമായ നമസ്കാരം). അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടുകൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർഥിക്കുന്നത്" (ക്വുർആൻ 2:238).

അസ്വ്ർ നമസ്കാരം യഥാവിധം സൂക്ഷിച്ചു നിർവഹിക്കുവാൻ തിരുനബി(സ്വ) കൽപിച്ചിരിക്കുന്നു. നബി(സ്വ) പറഞ്ഞു:

"വല്ലവനും അസ്വ്ർ നമസ്കാരം നഷ്ടപ്പെട്ടാൽ അവൻ കുടുംബവും സമ്പത്തും നഷ്ടപ്പെട്ടവനെ പോലെയാണ്."

"വല്ലവനും അസ്വ്ർ നമസ്കാരം ഉപേക്ഷിച്ചാൽ അവന്റെ കർമ

ട്ടെ സൂര്യൻ മഞ്ഞവർണം പ്രാപിക്കാത്ത സമയമത്രയുമാകുന്നു. മഗ്രിബ് നമസ്കാരത്തിന്റെ സമയം അസ്തമയശോഭ മറയാത്ത സമയമത്രയും ഇശാഅ് നമസ്കാരത്തിന്റെ സമയം അർധരാത്രിവരെയും സ്വുബ്ഹിന്റെ സമയം ഫജ്റിന്റെ ഉദയം മുതൽ സൂര്യൻ ഉദിക്കുന്നതുവരെയുമാകുന്നു."

അപ്പോൾ ദ്വുഹ്റിന്റെ സമയം സവാലുശ്ശംസ് അഥവാ സൂര്യൻ ആകാശത്തിന്റെ മധ്യത്തിൽനിന്ന് പടിഞ്ഞാറുഭാഗത്തേക്ക് തെറ്റിയതുമുതൽ ആരംഭിക്കും. ഓരോ വസ്തുവിന്റെയും നിഴൽ നീളത്തിൽ അതിനു സമമാകുന്നതുവരെ ദ്വുഹ്റിന്റെ സമയം നീണ്ടുനിൽക്കുകയും ചെയ്യും. ദ്വുഹ്റിനെ അതിന്റെ ആദ്യസമയത്തുതന്നെ നിർവഹിക്കൽ സുന്നത്താണ്. എന്നാൽ ചൂടു കഠിനമാകുന്ന നാളുകളിൽ അതിനെ

ങ്ങൾ നിഷ്ഫലമായിരിക്കുന്നു.”

മഗ്‌രിബ് നമസ്കാരത്തിന്റെ സമയം സൂര്യാസ്തമയം മുതൽ അസ്തമയശോഭ മായുന്നതുവരെയാകുന്നു. തിരുനബി(സ്വ) പറഞ്ഞു:

“മഗ്‌രിബ് നമസ്കാരത്തിന്റെ സമയം അസ്തമയശോഭ മറയാത്ത സമയമത്രയുമാകുന്നു.”

മഗ്‌രിബിനെ അതിന്റെ ആദ്യ സമയത്തുതന്നെ നിർവഹിക്കൽ സുന്നത്താണ്. തിരുനബി(സ്വ) പറഞ്ഞു:

“നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെടുന്നതുവരെ മഗ്‌രിബ് നമസ്കാരത്തെ വൈകിപ്പിക്കാത്ത കാലമത്രയും എന്റെ ഉമ്മത്ത് നന്മയിലായിരിക്കും-അല്ലെങ്കിൽ ശുദ്ധപ്രകൃതിയിലായിരിക്കും.”

എന്നാൽ ഹജ്ജിന് ഇഹ്റാമിൽ പ്രവേശിച്ചവന് മുസ്ദലിഫയുടെ രാത്രി മഗ്‌രിബും ഇശാഉം പിന്തിപ്പിച്ചു ജംആക്കി (ഒന്നിപ്പിച്ചു) നമസ്കരിക്കുവാൻ മഗ്‌രിബ് നമസ്കാരത്തെ പിന്തിപ്പിക്കലാണ് സുന്നത്ത്.

ഇശാഇന്റെ സമയം അസ്തമയശോഭ മാഞ്ഞതു മുതൽ തുടങ്ങുന്നു. അർധരാത്രിവരേക്കും അതിന്റെ സമയമുണ്ട്. തിരുനബി(സ്വ) പറഞ്ഞു:

“ഇശാഅ് നമസ്കാരത്തിന്റെ സമയം അർധരാത്രിവരേക്കുമാകുന്നു.”

ഇശാഇനുമുമ്പ് ഉറങ്ങുന്നതും അതിനുശേഷം ഗുണകരമായ വല്ല കാര്യത്തിനുമല്ലാതെ സംസാരിക്കുന്നതും വെറുക്കപ്പെട്ടതാണ്. അബൂബറസ(റ)യിൽനിന്നു നിവേദനം:

“അല്ലാഹുവിന്റെ റസൂൽ(സ്വ) ഇശാഅ് നമസ്കാരത്തിനുമുമ്പ് ഉറങ്ങുന്നതും അതിനുശേഷം സംസാരിക്കുന്നതും വെറുത്തിരുന്നു.”

ഫജ്ർ നമസ്കാരത്തിന്റെ സമയം രണ്ടാം ഫജ്ർ ഉദിച്ചതുമുതൽ സൂര്യോദയംവരെയാകുന്നു. ഫജ്റിന്റെ ഉദയം ഉറപ്പായാൽ നമസ്കാരം പെട്ടെന്നു നിർവഹിക്കൽ സുന്നത്താകുന്നു.

**നമസ്കാരങ്ങൾ അവയുടെ സമയത്ത് നിർവഹിക്കൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതും അതിശ്രേഷ്ഠവുമായ കർമമാകുന്നു. നബി(സ്വ) ചോദിക്കപ്പെട്ടു: “അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ട കർമമേതാണ്?” അവിടുന്ന് പറഞ്ഞു: “നമസ്കാരം അതിന്റെ സമയത്തു നിർവഹിക്കലാണ്.”**



നിർബന്ധമായ അഞ്ചുനമസ്കാരങ്ങളും നിർവഹിക്കുവാൻ മതപരമായി നിശ്ചയിക്കപ്പെട്ട സമയങ്ങളാകുന്നു ഇവ. അതിനാൽ സമയനിഷ്ഠ പാലിച്ചുകൊണ്ട് ഓരോ നമസ്കാരവും അതാതിന്റെ കൃത്യസമയങ്ങളിൽ യഥാവിധം സൂക്ഷിച്ചു നിർവഹിക്കലും അവ പിന്തിപ്പിക്കുന്നത് ഉപേക്ഷിക്കലും മുസ്‌ലിംകളുടെമേൽ നിർബന്ധമാകുന്നു. കാരണം നമസ്കാരങ്ങളെ അവയുടെ സമയങ്ങളെതൊട്ട് പിന്തിപ്പിക്കുന്നവർക്കു മുന്നറിയിപ്പു നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു:

“എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. അതായത് തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായവർക്ക്” (107: 4,5).

“എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ‘ഗയ്യി’നെ അവർ കണ്ടെത്തുന്നതാണ്” (19:59).

‘അൽഗയ്യ്’ എന്നാൽ നരകത്തിലുള്ള ഇരട്ടിയിരട്ടിയായുള്ള കഠിനമായശിക്ഷയും വിപത്തും നൈരാശ്യവുമാകുന്നു. അല്ലാഹുവേ, നിന്റെ കാവൽ!

നമസ്കാരങ്ങൾ അവയുടെ സമയത്ത് നിർവഹിക്കൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടതും അതിശ്രേഷ്ഠവുമായ കർമമാകുന്നു. നബി(സ്വ) ചോദിക്കപ്പെട്ടു:

“അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ട കർമമേതാണ്?” അവിടുന്ന് പറഞ്ഞു: “നമസ്കാരം അതിന്റെ സമയത്തു നിർവഹിക്കലാണ്.”

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

അബ്ദുസ്സുബ്ഹാൻ

# പരീക്ഷണങ്ങളിൽ പതറരുത്

عن انس بن مالك (ر) قال النبي ﷺ: إن عِظَمَ الجزاءِ مع عِظَمِ البلاءِ،
وإن اللَّهَ عز وجل - إذا أَحَبَّ قومًا ابتلاهم ؛ فمن رَضِيَ فله الرِّضَى، ومن سَخِطَ فله السُّخْطُ

അനസ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "പരീക്ഷണത്തിന്റെ കാഠിന്യത്തിനനുസരിച്ചാണ് പ്രതിഫലത്തിന്റെ ആധിക്യം. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷണങ്ങൾക്കു വിധേയരാക്കും. പരീക്ഷണങ്ങളിൽ ആരെങ്കിലും തൃപ്തിപ്പെട്ടാൽ അവന് അല്ലാഹുവിന്റെ തൃപ്തിയുണ്ട്. കോപിച്ചാൽ അല്ലാഹുവിന്റെ കോപവുമുണ്ട്" (തിർമിദി).

വിപത്തുകളുണ്ടാകുമ്പോൾ ക്ഷമിക്കണമെന്നും എല്ലാ പ്രതിസന്ധികളിലും പ്രയാസങ്ങളിലും അല്ലാഹുവിൽ മാത്രം ഭരമേൽപിക്കണമെന്നും ഈ പ്രവാചക വചനം പഠിപ്പിക്കുന്നു. മനുഷ്യരിലുണ്ടാകുന്ന വിപത്തുകൾക്ക് പിന്നിൽ ചില യുക്തികളുണ്ട്. അവയിൽ ചിലത് മനുഷ്യന്റെ പാപങ്ങൾതന്നെ പൊറുത്തുകൊടുക്കാൻ തക്കതാണ്. വിപത്തുകൾ അനുഗ്രഹമാണ്. കാരണം അവ പാപങ്ങളെ മായ്ച്ചുകളയുന്നു. ക്ഷമയിലേക്ക് ക്ഷണിക്കുന്നു. അതിലൂടെ പ്രതിഫലത്തിനർഹരായിത്തീരുന്നു. അല്ലാഹുവിലേക്ക് മടങ്ങുവാനും അവന്റെ മുമ്പിൽ വിനയാന്വിതനാകുവാനും മനുഷ്യനെ പ്രേരിപ്പിക്കുന്നു. തന്റെ കാര്യം അല്ലാഹുവിൽ ഏൽപിക്കലും അവനെക്കുറിച്ച് സദ്‌വിചാരം വെച്ച് പുലർത്തലും അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷയർപിക്കലുമാണ് ഈ ഹദീസിൽ പറഞ്ഞ തൃപ്തികൊണ്ട് ഉദ്ദേശിക്കുന്നത്.

ദാരിദ്ര്യം, രോഗം, വിശപ്പ് തുടങ്ങിയവകൊണ്ട് പരീക്ഷിക്കപ്പെടുന്നവർ ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അതിലൂടെ പലരെയും കാപട്യവും നിരാശയും സത്യനിഷേധവും പിടികൂടുകയും മതത്തിൽ നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ അവർ ഒഴിവാക്കുകയും ഹറാമുകൾക്ക് വിധേയരാവുകയും ചെയ്യുന്നു. ക്ഷമയുണ്ടെങ്കിലേ വിപത്തുകൾ മതപരമായി അനുഗ്രഹമായി മാറുകയുള്ളൂ. ഏതൊരു വിപത്തും അല്ലാഹുവിന്റെ നിശ്ചയം എന്ന നിലയ്ക്ക് സൃഷ്ടികളെ സംബന്ധിച്ചിടത്തോളം കാരുണ്യമാണ്. അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കേണ്ടതുമാണ്. ആരെങ്കിലും പരീക്ഷിക്കപ്പെടുകയും അതിൽ അയാൾക്ക് ക്ഷമിക്കുവാൻ സാധിക്കുകയും ചെയ്താൽ ആ ക്ഷമ അവന്റെ ദീനിൽ അവന് അനുഗ്രഹമാണ്. പാപങ്ങൾ പൊറുക്കുന്നതിലുമപ്പുറം അല്ലാഹുവിന്റെ കാരുണ്യവും ലഭിക്കുന്നു. റബ്ബിന്റെ പുകഴ്ത്തലിനും അവൻ അർഹനായിത്തീരുന്നു.

അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ"(ക്വുർആൻ 2:155-157).

മനുഷ്യജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും നമസ്കാരം കൊണ്ടും ക്ഷമകൊണ്ടും സഹായം തേടാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. കാരണം അതിലാണ് നന്മയും നല്ല പര്യവസാനവുമുള്ളത്. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.

"സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മൂലം (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (ക്വുർആൻ 2: 153).

ക്ഷമയുടെ പ്രാധാന്യവും അതിന്റെ ആവശ്യകതയുമാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. വിശ്വാസത്തിന് ശക്തിപകരുന്ന ഒന്നുകൂടിയാണ് ക്ഷമ.

സി.പി സലീം
: 79945 11562



# ഒളിച്ചുകടത്തപ്പെടുന്ന ശീഈ ആശയങ്ങൾ

വിശുദ്ധ ക്വുർആനിൽ 17,000 ആയത്തുകളുണ്ടെന്ന് (അഥവാ നമ്മുടെ കയ്യിലുള്ള ക്വുർആൻ പൂർണമല്ലെന്ന്) വിശ്വസിക്കുന്ന, ആദ്യത്തെ മൂന്ന് ഖലീഫമാരും മുർത്തദ്ദുകളും കാഫിറുകളുമാണെന്ന് വിശ്വസിച്ച് അവരുടെമേൽ ശാപപ്രാർഥന നടത്തുന്ന വിഭാഗമാണ് ശീഈകൾ (ശിയാക്കൾ). പല ശീഈ ആശയങ്ങളും മലയാളത്തിൽ പ്രചരിപ്പിച്ച ഔസാഫ് അഹ്സന്റെ നേതൃത്വത്തിൽ ഈയിടെ ഒരു ഇസ്‌ലാം അവഹേളന നിക്കാഹ് നടക്കുകയുണ്ടായി. സ്വന്തം മഹല്ലും മുസ്‌ലിം സമൂഹം ഒന്നടങ്കവും ഇതിനെ ചോദ്യം ചെയ്തതുവഴി താൻ ഒറ്റപ്പെട്ടപ്പോൾ സമസ്തയെ പറ്റിച്ച് ദാറുൽ ഹുദയിൽ ക്ലാസെടുത്ത ഫോട്ടോ ഔസാഫ് അഹ്സൻ തന്റെ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തുകൊണ്ട് മുഖം മിനുക്കാൻ ശ്രമിക്കുകയുണ്ടായി.

വരനെയും വധുവിനെയും വേദിയിലിരുത്തി ഇസ്‌ലാമിക ആചാരങ്ങൾ കാറ്റിൽ പറത്തി കൂക്കുവിളികളുടെ അകമ്പടിയോടെ ഇയാൾ നേതൃത്വം നൽകി നടത്തിയ നിക്കാഹിനെ സമസ്തയോ സമസ്തയിലെ ഏതെങ്കിലും ഒരു പണ്ഡിതനോ, സാധാരണക്കാരൻ പോലുമോ ന്യായീകരിച്ചതായി കണ്ടില്ല. മറ്റൊരു മുസ്‌ലിം സംഘടനയും അതിനെ ന്യായീകരിച്ചിട്ടില്ല.

ആ ഇസ്‌ലാം അവഹേളന നിക്കാഹിൽ സന്തോഷിക്കുന്ന ചിലരുണ്ടാകാം. ഇത്തരം കോപ്രായ

വിവാഹങ്ങൾക്ക് ചേന്ദമംഗല്ലൂരി നടുത്തും പിന്നീട് കുറ്റ്യാടി ഭാഗത്തും തുടക്കം കുറിച്ച ശീഈ പ്രചാരകൻ മുസ്തഫയും, ആലപ്പുഴയിൽ നടന്ന സമസ്ത സംസ്ഥാന സമ്മേളനത്തിൽ ആദർശ സെഷനിൽ നുഴഞ്ഞുകയറി വിഷയം അവതരിപ്പിച്ചു പ്രസംഗിച്ച സി. ഹംസയും, പരിശുദ്ധ മക്കയെ മണ്ണും കല്ലുമെന്ന് പറഞ്ഞ് അവഹേളിച്ച ശീഈ-തീജാനി ത്വരീഖത്തുകാരനും എന്നാൽ സമസ്തയുടെ പ്രഭാഷകനുമായി തുടരുന്ന റഹ്മത്തുല്ലാ ഖാസിമിയും ഇവരുടെയൊക്കെ ഒറ്റപ്പെട്ട അനുയായികളും മാത്രമായിരിക്കും അത്.

ഇസ്‌ലാമിനെ അവഹേളിച്ച് ഒറ്റപ്പെട്ടപ്പോൾ ഔസാഫ് അഹ്സൻ സമസ്തയുടെ സ്ഥാപനത്തിൽ മുമ്പ് ക്ലാസെടുത്ത ഫോട്ടോ എഫ്ബിയിൽ പോസ്റ്റ് ചെയ്ത് മുഖം മിനുക്കാൻ ശ്രമിച്ചതിന് സമസ്തയാണ് മറുപടി പറയേണ്ടത്.

ഇസ്‌ലാമിലെ നികാഹ് ഒരു സുദൃഢമായ കരാറാണ്. വധുവിന്റെയും വരന്റെയും സമ്മതം നേരത്തെ ഉറപ്പുവരുത്തുകയും വധു നിശ്ചയിക്കുന്ന മഹ്ർ തീരുമാനിക്കുകയും ചെയ്തശേഷം വധുവിന്റെ രക്ഷിതാവ് വരന് സംരക്ഷണ ച്ചുമതല കൈമാറുന്നതാണ് ഇസ്‌ലാമിലെ നികാഹ്. അതിന്റെ രൂപവും രീതിയും പ്രമാണങ്ങളിൽ കൃത്യമായി വന്നിട്ടുണ്ട്.

ഇതിന് വിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾ ചെയ്യുന്ന ഔസാഫുമാർക്കും സി.എച്ച്.മുസ്തഫമാർക്കും അതാവാം. പക്ഷേ, അത് 'ഇസ്‌ലാമികമാണ്' എന്നവകാശപ്പെടുന്നെങ്കിൽ അതിനുള്ള തെളിവ് ഹാജരാക്കണം. ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകന്നുപോയ ശിയാക്കളുടെയോ മതത്തെ തോന്നിയതു പോലെ വ്യാഖ്യാനിക്കുന്ന ലിബറൽ ഇമാമുരുടെയോ ജൽപനങ്ങളല്ല, ആധികാരികമായ അഹ്‌ലുസ്സുന്നയുടെ തെളിവുകളാണ് ഹാജരാക്കേണ്ടത്.

ഇസ്‌ലാം ഒരു സമ്പൂർണ ജീവിതദർശനമാണ്. ജീവിതത്തിന്റെ സകല മേഖലയിലും എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് കൃത്യമായി പഠിപ്പിച്ചു തന്ന ദൈവികദർശനം. അതിന് കീഴൊതുങ്ങി ജീവിക്കുന്നവരാണ് മുസ്‌ലിംകൾ. ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്ന് വഴിമാറി സഞ്ചരിക്കാനും മറ്റ് ആശയങ്ങൾ സ്വീകരിക്കാനോ സ്വന്തം ഇച്ഛകൾക്കനുസരിച്ച് ജീവിക്കാനോ ഒക്കെ ഓരോരുത്തർക്കും ജനാധിപത്യ-മതനിരപേക്ഷ രാജ്യമായ ഇന്ത്യയിൽ സ്വാതന്ത്ര്യമുണ്ട്. എന്നാൽ പ്രമാണങ്ങളിൽ പറഞ്ഞതിന് വിരുദ്ധമായി ചെയ്യുകയും അതോടൊപ്പം തങ്ങൾ ചെയ്തുകൂട്ടുന്നത് ഇസ്‌ലാമികമാണെന്ന് അവകാശപ്പെടുകയും ചെയ്യുമ്പോൾ മുസ്‌ലിം സമൂഹം അതിനെ ചോദ്യം ചെയ്യുകതന്നെ ചെയ്യും.

ശീഈ ഒളിച്ചുകടത്ത് അഹ്‌ലുസ്സുന്നയുടെ സമൂഹം തിരിച്ചറിയാതിരിക്കില്ല. സ്വഹാബികളെ ദുഷ്ടൻമാർ എന്നും മഹാനായ ഉസ്മാൻ(റ)വിനെ ജാഹിലിയ്യത്തിലേക്കുള്ള ഇടക്കണ്ണി എന്നും വിളിച്ച ഡോ. അലി ശരീഅത്തി എന്ന ശീഈ ചിന്തകന്റെ 'രക്തസാക്ഷ്യം' എന്ന പുസ്തകം വിവർത്തനം ചെയ്ത് മലയാളികൾക്ക് നൽകിയ സി. ഹംസ സഖലൈൻ ഫൗണ്ടേഷൻ എന്ന, കേരളത്തിലെ ശീഈ സംഘടനയുടെ സ്ഥാപകനാണ്. പൊന്നാനിയിൽ വിളിച്ചുചേർത്ത ശീഈ രഹസ്യയോഗത്തിൽ പ്രവാചക പത്നിമാർ അഹ്‌ലു ബൈത്തല്ല എന്ന് വാദിച്ചയാളാണ് സി. ഹംസ (തെളിവ് കൈവശമുണ്ട്).

റസൂൽ(സ്വ) 'വിശ്വാസികളുടെ മാതുലൻ' എന്നു വിശേഷിപ്പിച്ച, വഹ്‌യ് എഴുത്തുകാരനായ മഹാനായ മുആവിയ(റ)യെ കണ്ണൂർ-ചക്കരക്കലിലെ ജമാഅത്തെ ഇസ്‌ലാമിയുടെ പള്ളി മിമ്പറിൽ വെച്ച് ചീത്ത പറഞ്ഞ് ശീഈ പ്രചാരണം തുടങ്ങിയ വ്യക്തിയാണ് സി.എച്ച് മുസ്തഫ. (ജമാഅത്തെ ഇസ്‌ലാമി മുസ്തഫയെ പിന്നീട് തള്ളിപ്പറയുകയുണ്ടായി-അൽഹംദുലില്ലാഹ്). അന്ന് അതിന് അഞ്ചരക്കണ്ടി സലഫി മസ്ജിദ് മിമ്പറിൽ മറുപടി പറയാൻ ഈയുള്ളവന് അവസരം ലഭിക്കുകയുണ്ടായി.

മുസ്തഫ ഇപ്പോൾ ചേകനൂരിന്റെ സർവമത സത്യവാദത്തിന്റെ പ്രചാരകനാണ്! ഉദുഹിയ്യത്ത് കർമം (ബലിയറുക്കൽ) മൃഗങ്ങളോടുള്ള ക്രൂരതയാണെന്നും ഏഴുപേർ ചേർന്ന് ബലിയറുക്കുന്നതിനു പകരം പാവപ്പെട്ടവർക്ക് കട്ടിലോ മറ്റോ വാങ്ങിക്കൊടുക്കുകയാണ് വേണ്ടതെന്നുമാണ് ഇദ്ദേഹത്തിൻെറ ഇപ്പോഴത്തെ വാദം.

ഇസ്‌ലാം ഒരു സമ്പൂർണ ജീവിതദർശനമാണ്. ജീവിതത്തിന്റെ സകല മേഖലയിലും എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് കൃത്യമായി പഠിപ്പിച്ചു തന്ന ദൈവികദർശനം. അതിന് കീഴൊതുങ്ങി ജീവിക്കുന്നവരാണ് മുസ്‌ലിംകൾ.

ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്ന് വഴിമാറി സഞ്ചരിക്കാനും മറ്റ് ആശയങ്ങൾ സ്വീകരിക്കാനോ സ്വന്തം ഇച്ഛകൾക്കനുസരിച്ച് ജീവിക്കാനോ ഒക്കെ ഓരോരുത്തർക്കും ജനാധിപത്യ-മതനിരപേക്ഷ രാജ്യമായ ഇന്ത്യയിൽ സ്വാതന്ത്ര്യമുണ്ട്. എന്നാൽ പ്രമാണങ്ങളിൽ പറഞ്ഞതിന് വിരുദ്ധമായി ചെയ്യുകയും അതോടൊപ്പം തങ്ങൾ ചെയ്തുകൂട്ടുന്നത് ഇസ്‌ലാമികമാണെന്ന് അവകാശപ്പെടുകയും ചെയ്യുമ്പോൾ മുസ്‌ലിം സമൂഹം അതിനെ ചോദ്യം ചെയ്യുകതന്നെ ചെയ്യും. ■

ശഹീദ



# കുട്ടികളുടെ ചോദ്യങ്ങളെ അവഗണിക്കരുത്

കുട്ടികൾ നിഷ്കളങ്ക ഹൃദയരാണ്. അവരുടെ നിഷ്കളങ്കമായ ചോദ്യങ്ങൾ പലപ്പോഴും മാതാപിതാക്കളെ പ്രതിസന്ധിയിലാക്കാറുണ്ട്. പ്രത്യേകിച്ചും അവരുടെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ അവർക്ക് കഴിയാതെ വരുമ്പോൾ. ചോദ്യങ്ങൾ ചോദിക്കുന്ന സ്വഭാവം കുട്ടികളിൽ ഒരു വയസ്സു മുതൽ തന്നെ കണ്ടുതുടങ്ങും. അത് ഏറ്റവും കൂടുതൽ കാണുന്നത് നാലു വയസ്സ് ആകുമ്പോഴാണ്. സാധാരണ ഗതിയിൽ ഒരു കുട്ടി 95-100 ചോദ്യങ്ങൾ വരെ ഒരു ദിവസത്തിൽ ചോദിക്കാം. അതിൽ പകുതിയിൽ കൂടുതൽ ചോദ്യങ്ങൾക്കും അവർക്ക് ഉത്തരം ലഭിക്കാറില്ല. കാരണം മുതിർന്നവർ അവരുടെ എല്ലാ ചോദ്യങ്ങളോടും പ്രതികരിക്കാറില്ല എന്നതുതന്നെ. പിന്നീട് സാവകാശം അവരിലെ ജിജ്ഞാസ കുറയുകയും ചോദ്യങ്ങൾ ചോദിക്കാനുള്ള താൽപര്യം കുറഞ്ഞുവരികയും ചെയ്യുന്നു.

ഒരു കുട്ടി അവന്റെ/അവളുടെ ബൗദ്ധികവികാസത്തിലൂടെ നിരന്തരം കടന്നുപോകുകയാണ്. ഈ വികാസം സാധ്യമാകുന്നത് ചുറ്റുപാടുകളുമായി സമ്പർക്കമുണ്ടാകുന്നതിലൂടെയും അറിയുന്നതിലൂടെയുമാണ്. കണ്ടും കേട്ടും തൊട്ടും അനുഭവിച്ചും ചുറ്റുപാടുകളെമനസ്സിലാക്കുന്നതിലൂടെ കുട്ടിയുടെ ബുദ്ധിപരമായ വികാസം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. അപ്പോൾ കൂടുതൽ കൂടുതൽ തന്റെ ചുറ്റുപാടിൽ ഉള്ളതിനെ മനസ്സിലാക്കാനുള്ള ത്വരയാണ് സംശയങ്ങളുടെയും ചോദ്യങ്ങളുടെയും രൂപത്തിൽ കുട്ടികൾ പ്രകടിപ്പിക്കുന്നത്.

ഇതിനൊക്കെ പുറമെ താൻ ശ്രദ്ധിക്കപ്പെടുന്നുണ്ട്, മാതാപിതാക്കളുടെ മുമ്പിൽ വേണ്ടത്ര ശ്രദ്ധകിട്ടുന്നുണ്ട് എന്ന തോന്നൽ സൃഷ്ടിക്കാനും കുട്ടികൾ പലപ്പോഴും സംശയങ്ങൾ ഉന്നിക്കാറുണ്ട്. കുടുംബ സദസ്സുകളിൽ ഒരു ശ്രദ്ധാകേന്ദ്രം ആകുന്നതിനും സംശയങ്ങൾ ചോദിക്കുന്ന കുട്ടികളുണ്ട്. അതിലൂടെ താൻ എല്ലാവരാലും സ്നേഹിക്കപ്പെടുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്ന തോന്നൽ അവരിൽ ഉണ്ടാകുന്നു.

**എങ്ങനെ പ്രോൽസാഹിപ്പിക്കാം?**

- ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലൂടെ തന്നെ അലട്ടുന്ന ചോദ്യങ്ങളിൽനിന്ന് കുട്ടിയെ വഴിതിരിച്ചു വിടാം.
- ചെറിയ ചെറിയ ചോദ്യങ്ങൾ ചോദിച്ച് കുട്ടിയുടെ ചിന്താശക്തിയെ ഉത്തേജിപ്പിക്കുക.
- കുട്ടികളുടെ സംശയങ്ങൾ ക്ഷമയോടെ കേൾക്കുക. അവർക്ക് മനസ്സിലാകുന്ന രൂപത്തിൽ ഉത്തരം നൽകുക.
- 'വൃത്തികെട്ട ചോദ്യം' എന്നു പറഞ്ഞ് കുട്ടിയെ കളിയാക്കാതിരിക്കുക.
- കുട്ടിയുടെ നിഷ്കളങ്കമായ ചോദ്യങ്ങൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിച്ച് കുട്ടിയെ പരിഹാസ്യപാത്രമാക്കാതിരിക്കുക.

**നാം തിരിച്ചറിയേണ്ടത്**

മനുഷ്യന്റെ എല്ലാ ചിന്തകൾക്കും കണ്ടുപിടുത്തങ്ങൾക്കും ആധാരം മനസ്സിൽ ഉരുത്തിരിയുന്ന ചോദ്യങ്ങളാണ്. അവയാണ് പുതിയ കണ്ടെത്തലുകളിലേക്കും ഉത്തരങ്ങളിലേക്കും നയിക്കുന്നത്. കുട്ടികൾ ധാരാളം സംശയങ്ങളും ചോദ്യങ്ങളും ചോദിക്കട്ടെ. ഉത്തരം നമുക്കറിയില്ലെങ്കിലും അവരെ തളർത്താതിരിക്കാൻ ശ്രദ്ധിക്കുക. അങ്ങനെ അവർ കണ്ണും കാതും തുറന്നിരിക്കുന്ന ചിന്താശക്തിയുള്ള വ്യക്തികളായി വളരട്ടെ.

ഇബ്നു അലി



# കിടന്നുറങ്ങുമിടങ്ങൾ

നേരം വെളുത്തിട്ടേയുള്ളൂ. ഞങ്ങൾ നാലുപേർ യാത്രയിലാണ്. പ്രഭാത ഭക്ഷണം വഴിയിൽനിന്ന് കഴിക്കാമെന്നാണ് പ്ലാൻ. ഒരാൾ പതിവു ഗുളിക എടുക്കാൻ മറന്നു. തുറന്ന മെഡിക്കൽ ഷോപ്പ് ഉണ്ടോയെന്ന് നോക്കിയാണ് കാർ സഞ്ചാരം. ഒടുവിൽ തുറന്ന ഒന്ന് കണ്ടു. മരുന്ന് വാങ്ങാൻ കൂട്ടുകാരൻ കാറിൽനിന്ന് ഇറങ്ങി. കടയുടെ വരാന്തയിൽ ഒരാൾ കാൽതൊട്ട് തലവരെ പുതച്ച് ഉറങ്ങുന്നു. പാവം!

ഞങ്ങളുടെ യാത്ര കേന്ദ്രഭരണ പ്രദേശത്തേക്കായിരുന്നു. ഫ്രഞ്ച് അധിനിവേശത്തിന്റെ അടയാളങ്ങളും സംസ്കാരവും വിട്ടുപോകാൻ മടിക്കുന്ന ഇടം. ഒരു ഫ്രഞ്ചുകാരിയുടെ എസി ഹോം സ്റ്റെയിൽ രാപാർത്തു. മൂളിപ്പാട്ടു പാടിയും കുത്തിയും ഒന്നോ രണ്ടോ കൊതുകുകൾ ഇടയ്ക്ക് ഉറക്കം കളഞ്ഞു. കൂട്ടുകാരനും ആ പരാതി പറഞ്ഞു.

പിറ്റേന്ന് കാഴ്ചകൾ കണ്ടു യാത്ര ചെയ്തു. രാത്രി ക്രൈസ്തവ ദേവാലയത്തിന്റെ പേരിൽ അറിയപ്പെടുന്ന സ്ഥലത്ത് ലോഡ്ജിന്റെ രണ്ടാം നിലയിൽ നാലു പേർക്ക് കൊതുകിനെ പേടിക്കാതെ കിടക്കാവുന്ന എസി റൂംതന്നെ തരപ്പെടുത്തി. അണ്ടർ ഗ്രൗണ്ടിൽ പാർക്ക് ചെയ്ത കാറിൽനിന്ന് കുടിവെള്ളക്കുപ്പിയെടുക്കാൻ രാത്രി വൈകി താഴെയിറങ്ങി.

താഴെ നിലയിൽ വരാന്തയിൽ വാഹനങ്ങൾ പോകുന്ന വഴിയിൽ ഒരു വശത്തിട്ട ബെഞ്ചിൽ മൂന്നു പേർ ഉറങ്ങുന്നു; ഒരു വനിതയടക്കം. വാഹനം പാർക്ക് ചെയ്ത കെട്ടിടത്തിന്റെ വശത്ത്, മേൽക്കൂര യില്ലാത്ത പറമ്പിൽ നാലഞ്ചു പേർ ഉറങ്ങിക്കിടക്കുന്നു. മണ്ണിൽ പേരിനൊരു ഷീറ്റ് വിരിച്ചിട്ടുണ്ട്. തലയണയും ദേഹം മുഴുവൻ മൂടാത്ത പുതപ്പുമുണ്ട്. കാറ്റത്ത് കൊതുകുകടി കൊണ്ട് ആ സാധുക്കൾ എങ്ങനെ ഉറങ്ങും എന്ന് ആലോചിച്ചു.

രാവിലെ ചായ കുടിക്കാൻ പുറത്തിറങ്ങി. മുറ്റത്തിന്റെ അരികിലും തൊട്ടടുത്ത വഴിയിലും പുറത്ത് മണൽപ്പറമ്പിലും ഷീറ്റു വിരിച്ച് ഒറ്റക്കും കുടുബമൊന്നിച്ചുമുള്ള ഉറക്കരംഗങ്ങൾ...

സന്ദർശനം കഴിഞ്ഞ് നാട്ടിലേക്കുള്ള നീണ്ടയാത്രയിൽ കിടന്നുറക്കങ്ങൾ വീണ്ടും മനസ്സിലേക്ക് കേറി. സാധാനത്തോടെ ഉറങ്ങാൻ ഇടം കിട്ടാത്തതിനാൽ കടവക്കിലും ബെഞ്ചിലും മുറ്റത്തും പറമ്പിലും ഉറങ്ങുന്നവർ. മോശമല്ലാത്ത വാടക കൊടുത്ത ശീതീകരിച്ച മുറിയിലും ഒന്നോ രണ്ടോ കൊതുകൾ കാരണം ഉറക്കം ശരിയായില്ല എന്ന് പരാതി പറയുന്ന ഞങ്ങൾ!

എല്ലാവർക്കും അഭിമുഖീകരിക്കാനുള്ള കിടത്തം ഉള്ളിലേക്ക് തള്ളിക്കേറി. ആലോചിക്കുന്തോറും മനസ്സ് ഇടുങ്ങി. ശ്വാസം മുട്ടി. പേടി ജനിപ്പിക്കുന്ന ഖബ്ർ...!

കുഴിച്ചുവച്ച ഖബ്റിൽ മഴയിൽ നിറഞ്ഞ വെള്ളത്തിൽ പ്രതിഫലിക്കുന്ന ഇത്തിരി ആകാശപ്പൊട്ട് കണ്ടിട്ടുണ്ട്. ഖബ്റിലെ ചരിച്ചുകിടത്താൻ മാത്രം വീതിയുള്ള കീഴ്ക്കുഴിയിൽ കിടക്കേണ്ടിവരുന്ന രംഗം ഓർമ വരും. കുഴിയിൽനിന്ന് മുകളിലേക്ക് നോക്കുമ്പോൾ കാണുന്ന മാനത്തിന്റെ ഇത്തിരി വെളുത്ത പൊട്ട് ഖബ്റിലെ ഇരുട്ട് കൂട്ടുന്നു. ഒറ്റക്കാക്കി ഉറ്റവർ മടങ്ങിയശേഷം നടക്കുന്ന ചോദ്യം ചെയ്യലുകൾ. വാരിയെല്ല് കുത്തിക്കോർക്കുന്ന, വീതി കുറയുന്ന കുഴിവക്കുകൾ... വിധി കാത്ത് എത്രകാലം എന്നറിയാത്ത കൊല്ലങ്ങൾ. നാഥാ നീ മാത്രം തുണ...! ■

അബൂമുർശിദ

# നല്ലതു മാത്രം ചെയ്യാം

പുലർച്ചെ നമ്മൾ ഉണരേണം
കുളിച്ചു പള്ളിയിൽ പോകേണം.
പഠിച്ചിടേണം ദീൻ കാര്യം
ഗ്രഹിച്ചിടേണം തിരുക്വുർആൻ.
പ്രാർഥന റബ്ബോടാകേണം
മറ്റാരോടും പാടില്ല.
മുറിച്ചിടേണം നഖമെല്ലാം
കടിച്ചിടല്ലെ നഖമാരും.
പിടിച്ചിടല്ലെ പിടിവാശി
കഴിച്ചിടേണം ആഹാരം.
ഉരച്ചിടേണം ബിസ്മില്ലാഹ്
സ്തുതിച്ചിടേണം അല്ലാനെ.
നല്ലതു മാത്രം തിന്നേണം
നന്മയിലൂടെ നടക്കേണം.

കളിച്ചിടേണം പതിവായി
ലഭിച്ചിടാനായ് ആരോഗ്യം.
പഠിച്ചിടേണം നന്നായി
മടിച്ചിടല്ലെ അതിനാരും.
സഹിച്ചിടേണം വിഷമങ്ങൾ
ക്ഷമിച്ചിടേണം നന്നായി.
തനിച്ചു ദൂരെ പോകല്ലെ
പകച്ചു കെണിയിൽ ചാടല്ലെ.
ദുഷിച്ച കൂട്ടുകാർ പാടില്ല
മികച്ച കൂട്ടുകാരാവേണം.
ലഹരികളൊന്നും നുണയല്ലേ
മാരകമാണവയെല്ലാതും.
പൊടിയും പുകയും ആയിട്ട്
പലവിധ പേരുകൾ നൽകീട്ട്
പലരും ലഹരിയുമായെത്തും
പതിവായ് പിന്നിൽ കൂടീടും.
ഒരിക്കലും അത് വാങ്ങല്ലേ
ചതിക്കുഴിയിൽ ചാടല്ലേ.
ഉപദേശങ്ങൾ തള്ളല്ലേ
ഉത്തമ വഴിവിട്ടോടല്ലേ.





പുറത്തിറങ്ങി
ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന
യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
WISDOM BOOKS
WISDOM BOOKS
യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
اليهود و فلسطين في التاريخ والكتب المقدسة
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
اليهود و فلسطين في التاريخ والكتب المقدسة
ഓൺലൈനിൽ ബുക്ക് ചെയ്യുന്നവർക്ക് 200 രൂപയുടെ പുസ്തകം വെറും 160 രൂപക്ക്
ORDER NOW
പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു
*Parcel Charge Extra
http://www.wisdombooksonline.com
+91 7356 766 478

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
13 JULY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM students

To the **right goal**
Through the **right path**

# 28th

WISDOM

# PROFESSIONAL
## STUDENTS GLOBAL CONFERENCE

**11 12 13**

## OCTOBER 2024

## THIRUVANANTHAPURAM

Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents